# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി14/1879/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 12/01/2026
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി14/1879/2025 തീയ്യതി: 12/01/2026

## കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുരേഷ് എസ് | ഡെപ്യൂട്ടി ഡയറക്ടർ | 04-11-2025 | 12-11-2025 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2025 | 12-11-2025 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ജയശ്രീ പി ജി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഉണ്ണികൃഷ്ണൻ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കൃഷ്ണപ്രിയ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സോഫിയ മാത്യു | സെക്രട്ടറി | 01-04-2024 | 29-09-2024 |
| ശ്രീ. സെബാസ്റ്റ്യൻ പി വർക്കി | സെക്രട്ടറി | 30-09-2024 | 31-03-2025 |
| ശ്രീമതി. രജനി സുധാകരൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. കാതറിൻ പ്രിമ തോമസ് | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 01-04-2024 | 31-03-2025 |
| ഡോ. ആസിയ എം എം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ശ്രീമതി. മീഡിയ റാണി എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ശ്രീമതി. സാജിദ എ ഖാദർ | ഹെഡ്മിസ്ട്രസ്, ഗവ. എൽ പി സ്ക്കൂൾ, തലനാട് | 01-04-2024 | 31-03-2025 |
| ശ്രീമതി. ആര്യ എൽ എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. ജയറാണി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. അജ്മൽ പി എം | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. നജീബ് എ പി | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ. റിക്സ്മോൻ വി കുര്യൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , അടുക്കം സർക്കിൾ | 01-04-2024 | 15-10-2024 |
| ശ്രീ. ആകാശ് ടോം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , അടുക്കം സർക്കിൾ | 16-10-2024 | 24-11-2024 |
| ശ്രീമതി. ദീപ ജോർജ്ജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , അടുക്കം സർക്കിൾ | 25-11-2024 | 31-12-2024 |
| ശ്രീ. റിക്സ്മോൻ വി കുര്യൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , അടുക്കം സർക്കിൾ | 01-01-2025 | 31-03-2025 |
| ശ്രീ. റിക്സ്മോൻ വി കുര്യൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തലനാട് സർക്കിൾ | 01-04-2024 | 18-09-2024 |
| ശ്രീമതി. റനിമോൾ എൻ വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തലനാട് സർക്കിൾവില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തലനാട് സർക്ക | 19-09-2024 | 22-11-2024 |
| ശ്രീമതി. ദീപ ജോർജ്ജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തലനാട് സർക്കിൾ | 23-11-2024 | 31-03-2025 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല | 1-1-3 |
| 5 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-4 |
| 6 | അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തുന്നില്ല | 1-1-5 |
| 7 | ബി-5 & ബി-16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | സിഎഫ്സി (ടൈഡ് & അൺടൈഡ്) - ബി-4 & ബി-17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | മുൻകൂർ തുകകൾ ക്രമീകരിച്ചില്ല | 1-1-8 |
| 10 | ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്തതിന്റെ കാൽക്കുലേഷൻ ഷീറ്റ് ലഭ്യമായില്ല | 1-1-9 |
| 11 | Prior Period ആയി ക്രമീകരിച്ച വരവു ചെലവുകളുടെ ആധികാരികത വ്യക്തമല്ല | 1-1-10 |
| 12 | Government/Other ഡ്യൂസ് രജിസ്റ്റർ ലഭ്യമായില്ല | 1-1-11 |
| 13 | ധനകാര്യ കമ്മീഷൻ (റൈഡ്) ഗ്രാന്റ് - ട്രഷറിയിൽ അനുവദിച്ച അലോട്ട്മെന്റ് തുകയായ 16,249/- രൂപ അക്കൗണ്ട് ചെയ്യപ്പെട്ടില്ല | 1-1-12 |
| 14 | ഹെൽത്ത് ഗ്രാന്റ് (Scheme-I) - റിട്ടെൻഷൻ തുക അക്കൗണ്ട് ചെയ്യപ്പെട്ടില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | വാർഷികപദ്ധതി അവലോകനം | 1-5 |
| 19 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 20 | സാമൂഹ്യസുരക്ഷാ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-11 |
| 25 | ലൈസൻസില്ലാതെ റിസോർട്ടുകൾ, ഹോം സ്റ്റേകൾ | 1-12 |

| | | |
|---|---|---|
| | എന്നിവ പ്രവർത്തിക്കുന്നു | |
| 26 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-13 |
| 27 | പഞ്ചായത്തിന്റെ അധീനതയിലുള്ള മുറി ഒഴിഞ്ഞു കിടക്കുന്നു | 1-14 |
| 28 | അഡ്വാൻസ് രജിസ്റ്റർ & ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി പരിപാലിയ്ക്കുന്നില്ല | 1-15 |
| 29 | ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാരിലേയ്ക്ക് ഒടുക്കുന്നില്ല | 1-16 |
| 30 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ തുക ക്രമീകരിച്ചില്ല | 1-17 |
| 31 | കേരള വാട്ടർ അതോറിറ്റി വെള്ളക്കരം അടവാക്കൽ- വെള്ളക്കരം അടച്ചിട്ടും വൻതുക ബാധ്യത | 1-18 |
| 32 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - ടെൻഡർ നടപടികളിലെ അപാകതകൾ- അധികം തുക കരാറുകാരന് നൽകി | 1-19 |
| 33 | ഹരിതകർമ്മസേന വാഹനത്തിന് ഇന്ധനവും മെയിന്റനൻസ് ചാർജ്ജും- ലോഗ് ബുക്ക് രേഖപ്പെടുത്തലില്ല | 1-20 |
| 34 | വിവിധ ജനറൽ കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-21 |
| 35 | അങ്കണവാടി ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റിലെ പ്ലംബിംഗ് & വയറിംഗ് പ്രവൃത്തികൾ - ചെലവ് രേഖകൾ ലഭ്യമായില്ല | 1-22 |
| 36 | റോഡ് മെയിന്റനൻസ് വർക്ക് - ബാരൽ വില കുറവ് ചെയ്തില്ല | 1-23 |
| 37 | കുടുംബാരോഗ്യ കേന്ദ്രം ഫാമിലി വെൽഫയർ സെന്റർ നിർമ്മാണം - ഇലക്ട്രിക് വർക്കുകൾ പൂർത്തീകരിച്ചില്ല | 1-24 |
| 38 | തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റ് പ്ലാന്റ് നിർമ്മാണം - പദ്ധതി പ്രവർത്തനക്ഷമമായില്ല | 1-25 |
| 39 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം- അപേക്ഷയിൽ കാണിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകാതെ സ്കോളർഷിപ്പ് തുക കൈമാറി | 1-26 |
| 40 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം-പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് അധികം തുക നൽകി | 1-27 |
| 41 | അങ്കണവാടികളുടെ കണ്ടിജന്റ് ചാർജ്ജ് -ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-28 |
| 42 | എഫ്.എച്ച്.സിയുടെ ഓഫീസ് ചെലവുകൾ-ചെലവ് രേഖകൾ ഇല്ലാതെ തുക പിൻവലിച്ചു. | 1-29 |

| | | |
|---|---|---|
| 43 | ലൈഫ് ഭവനപദ്ധതി -ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-30 |
| 44 | ലൈഫ് ഭവന പദ്ധതി -ദീർഘകാലമായി ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കിയില്ല. | 1-31 |
| 45 | ജലജീവൻ മിഷൻ പദ്ധതി -അവലോകനം | 1-32 |
| 46 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - ടെൻഡർ നടപടികളിലെ അപാകതകൾ- അധികം തുക കരാറുകാരന് നൽകി | 3-1 |
| 2 | റോഡ് മെയിന്റനൻസ് വർക്ക് - ബാരൽ വില കുറവ് ചെയ്തില്ല | 3-2 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് - പ്രീമിയം ഒടുക്ക് വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**1)** തലനാട് ഗ്രാമപഞ്ചായത്തിന്റെ **2025** മാർച്ച് **31**-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും **31-03-2025** തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 3(1)/ 16.06.2025 നം. തീരുമാനം പ്രകാരം അംഗീകരിച്ച്, 21/07/2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും **1994**ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് **215(4)**, **2011**-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, **1994**-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, **1996**-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം **4.2.1**, **11.3** എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

**2)** സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**3)**എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തലനാട് ഗ്രാമപഞ്ചായത്തിന്റെ **2024-25** വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ **31.03.2025** ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, **31.03.2025** ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി: **12-01-2026** ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ **31.03.2025** തീയതിയിലെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

**26.07.2011**-ലെ ജി.ഒ (എം.എസ്) **152/2011**/തസ്വഭവ -ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-3 മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും, തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യ പത്രികയിൽ നൽകിയിട്ടുള്ള മൂലധന ആസ്തികളുടെയും അവയുടെ മൂല്യശോഷണത്തിന്റെയും കണക്കുകൾ കൃത്യമല്ല.

## 1-1-4 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ **58 (4)** (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തേണ്ടതാണ്. എന്നാൽ **2024-25** വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് **B-14** ഷെഡ്യൂൾ **Stock In Hand (Inventories)** -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം, പഞ്ചായത്തിന്റെ സ്റ്റോക്ക് മൂല്യം **NIL** ആണ്.

## 1-1-5 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം **17(2)** പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ **2024-25** സാമ്പത്തിക വർഷത്തിൽ രണ്ട് തവണ മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-6 ബി-5 & ബി-16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി **5 – Secured Loans**, ബി **16 – Prepaid Expenses** എന്നീ ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-7 സിഎഫ്സി (ടൈഡ് & അൺടൈഡ്) - ബി-4 & ബി-17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

**(B-4)/ 320200104 & 320200113** ഷെഡ്യൂളിലെ തുകകളും, **(B-17)** ഷെഡ്യൂളിലെ ബന്ധപ്പെട്ട ബാങ്ക് ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. തുക ക്രമീകരിക്കാത്തതിനാൽ, **48,039/-** രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-1-8 മുൻകൂർ തുകകൾ ക്രമീകരിച്ചില്ല

ബാലൻസ് ഷീറ്റ് **B-18/ Loans, Advances And Deposits** ഷെഡ്യൂളിൽ നിലനിൽക്കുന്ന, വിവിധ തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. ആയത് യഥാവിധി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-9 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്തതിന്റെ കാൽക്കുലേഷൻ ഷീറ്റ്

ലഭ്യമായില്ല

വിവിധ സ്ഥിര ആസ്തികളുടെ മൂല്യശോഷണ ഇനത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ട തുകകളുടെ അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിൽ നൽകിയിട്ടുള്ള പ്രൊവിഷന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

### 1-1-10 Prior Period ആയി ക്രമീകരിച്ച വരവു ചെലവുകളുടെ ആധികാരികത വ്യക്തമല്ല

മുൻവർഷ വരവു ചെലവുകളായി ക്രമീകരിക്കപ്പെട്ട യഥാക്രമം (-17,445), 18,701/- എന്നീ തുകകളുടെ ആധികാരികത സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. Prior Period ഇനങ്ങളുടെ ആധികാരികത നോട്ട്സ് ഓൺ അക്കൗണ്ടായി ധനകാര്യ പത്രികയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

### 1-1-11 Government/Other ഡ്യൂസ് രജിസ്റ്റർ ലഭ്യമായില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല.

### 1-1-12 ധനകാര്യ കമ്മീഷൻ (റൈറ്റഡ്) ഗ്രാന്റ് - ട്രഷറിയിൽ അനുവദിച്ച അലോട്ട്മെന്റ് തുകയായ 16,249/- രൂപ അക്കൗണ്ട് ചെയ്യപ്പെട്ടില്ല

G.O. (Rt) നമ്പർ 2075/2025/ഫിൻ/ 04.03.2025 പ്രകാരം 2020-21 -ൽ അധികൃതപ്പെടുത്തിയതും, 2021-22 & 2022-23 -ൽ പുനഃരധികൃതപ്പെടുത്തിയതുമായ, 15-ാം ധനകാര്യ കമ്മീഷന്റെ ചെലവഴിക്കാത്ത ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ട്രഷറിയിൽ അനുവദിച്ച അലോട്ട്മെന്റ് തുകയായ 16,249/- രൂപ അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ, സാംഖ്യ എ. സി. ആർ പ്രകാരം ധനകാര്യ കമ്മീഷൻ (റൈറ്റഡ്) ഗ്രാന്റ് അലോട്ട്മെന്റ് തുകയിൽ, 16,249/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

### 1-1-13 ഹെൽത്ത് ഗ്രാന്റ് (Scheme-I) - റിട്ടെൻഷൻ തുക അക്കൗണ്ട് ചെയ്യപ്പെട്ടില്ല

B-4/ 320100203 : അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയിട്ടുള്ള പ്രോജക്ട് നം. S0183/ 2025 -ന്റെ റിറ്റൻഷൻ തുകയായ 63,136/- രൂപ അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ, വാർഷിക ധനകാര്യ പത്രികയിലെ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിലെ തുകയും സുലേഖ പത്രികയിലെ ചെലവ് തുകയും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് തുകയിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നതിനാൽ, തദനുസരണം ബാലൻസ് ഷീറ്റിലെ തുകയിൽ വ്യത്യാസം നിലനിൽക്കുന്നു. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 12.02.2024 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 20.03.2025 തീയതിയിലെ 2/1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവുചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---:|---:|
| മുന്നിരിപ്പ് | (-)1522901 | (-)2834451 |
| വരവ് | 95398000 | 95338000 |
| ആകെ | 93875099 | 92503549 |
| ചെലവ് | 93248750 | 97679317 |
| നീക്കിയിരിപ്പ് | 626349 | (-)5175768 |

ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ നിലവിൽ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും

ബജറ്റ് ശുപാർശകൾ പരിഗണിച്ച് വിവിധ മേഖലാടിസ്ഥാനത്തിൽ വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപശീർഷകങ്ങളായി **(Sub-Head)** അലോട്ട്മെന്റുകൾ കൂടി കണക്കാക്കി വിഹിതങ്ങൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് നടപടികളിൽ **1994**-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-**214, 2011**-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-**71** എന്നിവയിലെ വ്യവസ്ഥകൾ എല്ലാം പാലിക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

തലനാട് ഗ്രാമപഞ്ചായത്തിന്റെ **2024-25** വർഷത്തെ റസീപ്റ്റ് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികകളിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

റസീപ്റ്റ് & പേയ്മെന്റ് പത്രിക

| | |
|---|---|
| മുന്നിരിപ്പ് | **8673958/-** |
| ഓഡിറ്റ് വർഷത്തെ വരവ് | **29383018/-** |
| ആകെ | **38056976/-** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | **29158182/-** |
| നീക്കിയിരിപ്പ് | **8898794/-** |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം | **68917269/-** |
| ഓഡിറ്റ് വർഷത്തെ ചെലവ് | **58565720/-** |
| പ്രവർത്തന ലാഭം | **10351549/-** |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | **-(1256/-)** |
| അറ്റ പ്രവർത്തന ലാഭം | **10350293/-** |

ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | **32997/-** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **365114/-** |

## 1-4 ഗ്രാന്റ് വിനിയോഗം

തലനാട് ഗ്രാമ പഞ്ചായത്തിന്റെ, **2024-2025** സാമ്പത്തിക വർഷത്തെ, വിവിധ ഗ്രന്റുകളുടെ അലോട്ട്മെന്റ്, വിനിയോഗം, നീക്കിയിരിപ്പ്/ലാപ്സായ തുക തുടങ്ങിയവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | **0** | **99,60,000/-** | **99,60,000/-** | **94,68,947/-** | **4,91,053/-** | **95.06** |
| വികസന | **0** | **13,55,000/-** | **13,55,000/-** | **5,79,542/-** | **7,75,458/-** | **42.77** |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട് SCP | | | | | | |
| വികസന ഫണ്ട് TSP | 0 | 19,16,000/- | 19,16,000/- | 13,34,017/- | 5,81,983/- | 69.62 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 16,58,000/- | 16,58,000/- | 16,58,000/- | 0 | 100 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 0 | 29,81,000/- | 29,81,000/- | 27,90,374/- | 1,90,626/- | 93.60 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 8,42,490/- | * 37,24,498/- | 45,66,988/- | 18,58,600/- | 27,08,388/- | 40.69 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 8,93,036/- | ** 17,81,962/- | 26,74,998/- | 18,20,667/- | 8,54,331/- | 68.06 |
| ഹെൽത്ത് ഗ്രാന്റ് (Scheme-I) - | 28,00,245/- | 53,558/- (പലിശ) | 28,53,803/- | 27,75,000/- | 78,803/- | 97.23 |
| ഹെൽത്ത് ഗ്രാന്റ് (Scheme-III) - | 6,31,917/- | 2,43,283/- (2,26,000 + പലിശ 17,283) | 8,75,200/- | 6,24,108/- | 2,51,092/- | 71.31 |
| ഹെൽത്ത് ഗ്രാന്റ് (Scheme-IV) - | 2,21,677/- | 4,04,068/- (3,98,000 + പലിശ. 6,068) | 6,25,745/- | 1,88,000/- | 4,37,745/- | 30.04 |
| MGNREGS ഗ്രാന്റ് | 354/- | 3,53,570/- | 3,53,924/- | 3,53,677/- | 247/- | 99.93 |
| ICDS ഗ്രാന്റ് | 5,69,117/- | 6,31,117/- | 12,00,234/- | 2,44,803/- | 9,55,431/- | 20.39 |
| സമ്പൂർണ ശുചിത്വ ക്യാമ്പയിൻ ഗ്രാന്റ് (TSC) | 2,90,863/- | 0 | 2,90,863/- | 0 | 2,90,863/- | 0 |
| ലൈഫ് ഭവന പദ്ധതി ഗ്രാന്റ് (സംസ്ഥാന വിഹിതം) | 17,22,000/- | 13,00,000/- | 30,22,000/- | 20,10,000/- | 10,12,000/- | 66.51 |
| സ്വച്ഛ് ഭാരത് അഭിയാൻ ഗ്രാന്റ് | 0 | 3,26,895/- | 3,26,895/- | 3,26,895/- | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| പശ്ചിമഘട്ട വികസന പദ്ധതി ഗ്രാന്റ് | 43,208/- | 0 | 43,208/- | 0 | 43,208/- | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 8,73,461/- | 0 | 8,73,461/- | 16,731/- | 8,56,730/- | 1.91 |

* 25,17,000/- (CFC ഗ്രാന്റ്) + 11,75,000 /- {(2024-2025 ബജറ്റ് പ്രൊവിഷനിൽ നിന്ന്, G.O. (Rt) നമ്പർ 3299/2024/ Fin/ 09.04.2024 പ്രകാരം, 2023-2024 -ലെ 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് രണ്ടാം ഗഡു)} + 32,498 /- {(2020-21 -ൽ അധികൃതപ്പെടുത്തിയതും, 2021-22 & 2022-23 -ൽ പുനഃരധികൃതപ്പെടുത്തിയതുമായ, G.O. (Rt) നമ്പർ 4802/2024/Fin/ 18.06.2024 & G.O. (Rt) നമ്പർ 2075/2025/ഫിൻ/ 04.03.2025 പ്രകാരം 15-ാം ധനകാര്യ കമ്മീഷന്റെ ചെലവഴിക്കാത്ത ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ട്രഷറിയിൽ അനുവദിച്ചത്)} = 37,24,498/-

** 16,78,165 /- (CFC ഗ്രാന്റ് + RLB അൺടൈഡ് ബേസിക് ഗ്രാന്റിന്റെ രണ്ടാം ഗഡു അംഗീകരിക്കുന്നതിലെ കാലതാമസ കാലയളവിനുള്ള പലിശ) + 1,03,797 /- (ബാങ്ക് പലിശ : ഫെഡറൽ ബാങ്ക് അക്കൗണ്ട് നമ്പർ 20840100023519) = 17,81,962/-

വികസന ഫണ്ട് അലോട്ട്മെന്റിൽ നിന്ന് KURDFC വായ്പ തിരിച്ചടവിനും, അങ്കണവാടി ഹോണറേറിയത്തിനും, സ്രോതസ്സിൽ കുറവ് ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് | അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | അറ്റ അലോട്ട്മെന്റ് |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 99,60,000/- | S0210/25 : 4,81,800/-<br>S0211/25 : 5,46,503/-<br>S0213/25 : 5,37,160/-<br>ആകെ : 15,65,463/- | 83,94,537/- |
| വികസന ഫണ്ട് SCP | 13,55,000/- | S0212/25 : 10,676/-<br>S0214/25 : 20,370/-<br>ആകെ : 31,046/- | 13,23,954/- |
| വികസന ഫണ്ട് | 19,16,000/- | S0216/25 : 41,855/- | 18,32,400/- |

| | | | | |
|---|---|---|---|---|
| TSP | | S0215/25 : 41,745/-<br>ആകെ : 83,600/- | | |

1) ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2) ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകകളുടെ വിനിമയം നടത്തുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ തുകയായ 1,03,797/- രൂപ, ACR, ഗ്രാന്റ് പത്രിക എന്നിവയിൽ വരവായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ, ACR, ഗ്രാന്റ് പത്രികയിലെ അലോട്ട്മെന്റിൽ, ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

3) G.O. (Rt) നമ്പർ 2075/2025/ഫിൻ/ 04.03.2025 പ്രകാരം, 2020-21 -ൽ അധികൃതപ്പെടുത്തിയതും, 2021-22 & 2022-23 -ൽ പുനഃരധികൃതപ്പെടുത്തിയതുമായ 15-ാം ധനകാര്യ കമ്മീഷന്റെ ചെലവഴിക്കാത്ത ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ട്രഷറിയിൽ അനുവദിച്ച അലോട്ട്മെന്റ് തുകയായ 16,249/- രൂപ അക്കൗണ്ട് ചെയ്യപ്പെടാഞ്ഞതിനാൽ, സാംഖ്യ എ. സി. ആർ പ്രകാരം ധനകാര്യ കമ്മീഷൻ (റ്റൈഡ്) ഗ്രാന്റ് അലോട്ട്മെന്റ് തുകയിൽ, 16,249/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

4) ഹെൽത്ത് ഗ്രാന്റ് (Scheme-I) :- അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയിട്ടുള്ള പ്രോജക്ട് നം. S0183/2025 -ന്റെ റിറ്റൻഷൻ തുകയായ 63,136/- രൂപ ഉൾപ്പെടാതെയാണ്, വാർഷിക ധനകാര്യ പത്രികയിലെ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ ഗ്രാന്റ് തുക അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് കാണുന്നു. ടി തുക ഉൾപ്പെടെയുള്ള 27,75,000/- രൂപയാണ് (സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത്) മേൽ പട്ടികയിൽ ചെലവ് തുകയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ റിപ്പോർട്ടിലെ ഖ. നം. (1-1-13) കൂടി കാണുക.

ഹെൽത്ത് ഗ്രാന്റ് I, III, IV എന്നീ സ്കീമുകളിലെ നീക്കിയിരിപ്പ് തുക, (B-4) ഷെഡ്യൂൾ, ട്രയൽ ബാലൻസ് എന്നിവയിലെ തുകകൾ RP- 40(B) യിലെ തുകകളുമായി 1/- രൂപയുടെ വ്യത്യാസം തുടരുന്നതിന്റെ സാഹചര്യം വ്യക്തമല്ല. (തലനാട് ഗ്രാമ പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കെ.എസ്.എ-കെ.ടി.എം/പി.14/1626/2024/ 18.10.2024 നം. ഓഡിറ്റ് റിപ്പോർട്ടിലും (ഖ. 1-4) ടി വിഷയം പരാമർശിച്ചിരുന്നു)

5) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്നതും, മുൻ വർഷങ്ങളിൽ ഉൾപ്പെടെ തുടരുകയും ചെയ്യുന്ന, സമ്പൂർണ ശുചിത്വ ക്യാമ്പയിൻ ഗ്രാന്റ് (TSC), പശ്ചിമഘട്ട വികസന പദ്ധതി ഗ്രാന്റ്, ശുചിത്വ മിഷൻ ഗ്രാന്റ് ഉൾപ്പെടെയുള്ള വിവിധ പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ യഥാവിധി ചെലവഴിക്കുന്നതിന്/ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കാർ ഗ്രാന്റുകളുടെയും, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും, അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ ക്രമീകരണങ്ങളിലുമുള്ള, പ്രസ്തുത അപാകതകൾ, ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ടുള്ള, വാർഷിക കണക്കുകളിലെ അപാകതകളായി പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ, എന്നിവയ്ക്ക് വിധേയമായിട്ടാണ്, ഓഡിറ്റ് റിപ്പോർട്ട് അനുബന്ധം-2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

തൻവർഷം സ്ഥാപനത്തിന് ലഭ്യമായിട്ടുള്ള 'വിടവ് നികത്തൽ ഫണ്ട് '

G.O. (Rt) നം. 3876/2024/ധന/ 06.05.2024 & G. O. (Rt) നം. 4650/2024/ധന/ 13.06.2024 പ്രകാരം, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രാദേശിക സർക്കാരുകൾക്ക് 2023-2024 സാമ്പത്തിക വർഷം അനുവദിച്ച വിടവ് നികത്തൽ ഫണ്ട് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാൻ കഴിയാത്തതിനാൽ പുനഃരനുവദിച്ച് ഉത്തരവായതിൻ പ്രകാരം, 19/06/2024 -ൽ 40,66,132/- രൂപ, തലനാട് ഗ്രാമ പഞ്ചായത്തിന്റെ STSB അക്കൗണ്ടിൽ (നം. 799013000000120) ക്രെഡിറ്റായിട്ടുണ്ട്.

G.O. (Rt) നം. 2821/2025/ധന/ 22.03.2025 പ്രകാരം, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രാദേശിക സർക്കാരുകൾക്ക് 2024-2025 സാമ്പത്തിക വർഷം അനുവദിച്ച വിടവ് നികത്തൽ ഫണ്ട്, 27/03/2025 -ൽ

59,24,936/- രൂപ, തലനാട് ഗ്രാമ പഞ്ചായത്തിന്റെ STSB അക്കൗണ്ടിൽ (നം. 799013000000120) ക്രെഡിറ്റായിട്ടുണ്ട്. തൻവർഷം, 'വിടവ് നികത്തൽ ഫണ്ട്' ഇനത്തിൽ ആകെ 99,91,068/- രൂപ സ്ഥാപനത്തിന് ലഭ്യമായിട്ടുണ്ട്.

## 1-5 വാർഷികപദ്ധതി അവലോകനം

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25 ) തലനാട് ഗ്രാമപഞ്ചായത്തിന് ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 84898/24/DPC/DPO/KTM തീയതി 24-03-2025 പ്രകാരം അന്തിമഅംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷികപദ്ധതിയിൽ 59 സ്പിൽഓവർ പ്രോജക്ടുകളും 118 പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 177 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്.

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ട് ശതമാനം |
|---|---|---|---|---|---|
| 177 | 8,41,96,904 | 146 | 3,02,48,581 | 31 | 82.48% |

വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 21-12-2023 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 23-12-2023 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 03-01-2024മുതൽ 06-01-2024വരെ |
| വികസനസെമിനാർ | 12-01-2024 |

പദ്ധതിനിർവ്വഹണം

ഗ്രാമപഞ്ചായത്തിന് പൊതുവിഭാഗം വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്എന്നിവ വളരെ ഫലപ്രദമായ രീതിയിൽ വിനിയോഗിക്കാൻ സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്. എന്നാൽ എസ് സിപി, ടിഎസ് പി ഫണ്ടുകൾക്ക് നിശ്ചിത ശതമാനം തുക വിനിയോഗിക്കാൻ സാധിച്ചിരുന്നില്ല. അംഗീകാരം ലഭിച്ച 177 പ്രോജക്ടുകളിൽ 146 എണ്ണം മാത്രമാണ് നടപ്പാക്കിയത്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 3,02,48,581/- രൂപയാണ്. ചെലവ് 35.9%. ലൈഫ് മിഷൻ ഭവനനിർമ്മാണ പ്രോജക്റ്റുകൾക്ക് വകയിരുത്തിയിരുന്ന ബ്ലോക്ക് /ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ചെലവഴിക്കാൻ സാധിക്കാതെ പോയതും അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ കൂടുതലും നടപ്പാക്കാതെ വന്നതാണ് ചെലവു ശതമാനം കുറയുന്നതിനിടയാക്കിയത്. മേല്പറഞ്ഞ വസ്തുതകളിലേയ്ക്ക് ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

എസ് സിപി, ടി എസ് പി ഫണ്ടിന്റെ വിനിയോഗത്തിലെ കുറവ് - പരിഹാര വകയിരുത്തൽ നടത്തേണ്ടിവരുന്നതുമൂലം 2025-26 വർഷം പൊതുവിഭാഗം ഫണ്ടിൽ നിന്നും കുറവ് ചെയ്യുന്നത് 7.03 ലക്ഷം

സ.ഉ.(കൈ) നം.79/2021/ധന. തീ: 15.07.2021 പ്രകാരം 2021-22 മുതൽ ഒരു സാമ്പത്തിക വർഷം വികസന ഫണ്ടിലെ SCP/TSP വിനിയോഗത്തിൽ ഉണ്ടാകുന്ന കുറവ് (20% ക്യാരി ഓവർ തുക അനുവദിക്കുന്നത് ഒഴിച്ചുള്ളത്) അടുത്ത വർഷത്തെ പൊതുവിഭാഗം ഫണ്ടിൽ നിന്നും തത്തുല്യമായ തുക കുറവ് ചെയ്താണ് പരിഹരിക്കേണ്ടത്.

തൻവർഷം ഗ്രാമപ്പഞ്ചായത്ത് എസ് സിപി ഫണ്ടിനത്തിൽ **42.77%** തുകയും ടി എസ് പി ഫണ്ടിനത്തിൽ **69.62%** തുകയുമാണ് വിനിയോഗിച്ചത്. ലഭിച്ച തുകയുടെ **80%** എന്ന വിനിയോഗ ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ല. ഇക്കാരണത്താൽ തൻവർഷം കുറവ് വന്ന തുക തുടർ വർഷത്തേക്കുള്ള പരിഹാര വകയിരുത്തൽ എന്ന് കണക്കാക്കി **2025-26** വർഷത്തെ സാധാരണ വിഹിതത്തിൽ നിന്നും കുറവ് ചെയ്ത് ടി എസ് പി ഫണ്ടിനത്തിൽ വർദ്ധിപ്പിച്ച വിഹിതമായി ഉൾപ്പെടുത്തേണ്ടി വരുന്നുണ്ട്. പരിഹാര വകയിരുത്തൽ നടത്തേണ്ടിവരുന്നതുമൂലം **2025-26** വർഷം പൊതുവിഭാഗം ഫണ്ടിൽ കുറവ് വരുന്നതുക ചുവടെ ചേർക്കുന്നു.

എസ് സിപി ഫണ്ട് അലോട്മെന്റിന്റെ നിശ്ചിത വിനിയോഗം കൈവരിക്കാതിരുന്ന തുക ( **80-42.77=37.23%**
തുക = **1355000x37.23%=5,04,466/-**
ടി എസ് പി ഫണ്ട് അലോട്മെന്റിന്റെ നിശ്ചിത വിനിയോഗം കൈവരിക്കാതിരുന്ന തുക ( **80-69.62=10.38%**
തുക = **1916000x10.38%=1,98,880/-**
**2025-26** വർഷം ആകെ പൊതുവിഭാഗം ഫണ്ടിൽ നിന്ന് കുറവ് ചെയ്യുന്ന തുക= **7,03,346/-**
മേല്പറഞ്ഞ വസ്തുതകളിലേയ്ക്ക് ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | തയ്യാറാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| **1.** | കൃഷി ഓഫീസർ | **8** | **8** | **10,49,914/-** | **10,48,914/-** | **99.9** |
| **2.** | വെറ്ററിനറി സർജൻ | **9** | **9** | **16,84,000/-** | **10,26,527/-** | **60.95** |
| **3.** | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | **16** | **12** | **30,97,672/-** | **20,83,027/-** | **67.2** |
| **4.** | മെഡിക്കൽ ഓഫീസർ (ആയുർവേദ) | **4** | **4** | **4,50,000/-** | **4,42,296/-** | **98.28** |
| **5.** | വിഇഒ | **24** | **21** | **4,83,24,855/-** | **96,80,154/-** | **20** |
| **6.** | ഐസിഡിഎസ് സൂപ്പർവൈസർ | **16** | **10** | **42,06,249/-** | **21,83,525/-** | **51.91** |
| **7.** | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | **4** | **3** | **6,98,789/-** | **3,81,255/-** | **54.55** |
| **8.** | സെക്രട്ടറി | **44** | **33** | **1,13,74,127/-** | **51,48,326/-** | **45.26** |
| **9.** | അസിസ്റ്റന്റ് എഞ്ചിനീയർ | **44** | **39** | **1,21,12,518/-** | **76,98,974/-** | **63,56** |
| **10.** | ഹെഡ്മാസ്റ്റർ | **8** | **7** | **11,98,780/-** | **5,55,583/-** | **46.35** |

| | | | | | |
|---|---|---|---|---|---|
| ആകെ | 177 | 146 | 8,41,96,904/- | 3,02,48,581/- | 35.9 |

അസിസ്റ്റന്റ് എഞ്ചിനീയർക്ക് (എൽഐഡി&ഇഡബ്ല്യു) നിർവ്വഹണച്ചുമതലയുള്ള 44 പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 39 എണ്ണം നടപ്പാക്കിയിരുന്നു. റോഡ് മെയിന്റനൻസ് ഗ്രാന്റ് 100% ചെലവഴിച്ചിരുന്നുവെന്നത് എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ കാര്യക്ഷമത വെളിവാക്കുന്നു. മറ്റ് നിർവ്വഹണോദ്യോഗസ്ഥർ എല്ലാവരും തന്നെ പദ്ധതി പ്രകാരമുള്ള പ്രോജക്റ്റുകൾ നടപ്പാക്കുന്നതിൽ അത്യന്തം ജാഗ്രതയോടെ പ്രവർത്തിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക 20.71ലക്ഷം രൂപ

ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ഇനം | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 4,91,053/- | 95.06 |
| വികസന ഫണ്ട് SCP | 7,75,458/- | 42.77 |
| വികസന ഫണ്ട് TSP | 5,81,983/- | 69.62 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 1,90,626/- | 93.60 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 32498/- | 40.69 |
| ആകെ | 20,71,618/- | |

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ടും പ്രോജക്ട് പൂർത്തീകരണപത്രവും അതത് പ്രോജക്ട് ഫയലിൽ സൂക്ഷിക്കാത്തതിനാൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ കൈവരിക്കാൻ കഴിഞ്ഞ ഭൗതിക നേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2024-25 വർഷം 11 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 171 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 97 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 87 പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. 26923 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 83 അയൽകൂട്ടങ്ങളിൽ മുഴുവനും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 382 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി കല്ലുകയ്യാല നിർമ്മാണം, മഴക്കുഴി നിർമ്മാണം, കിണർ നിർമ്മാണം തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. എം ജി എൻ ആർ ഇ ജി എസ് ക്യാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ക്യാഷ് വരവ് (പലിശ, പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള മുൻകൂർ എന്നിവ സഹിതം) | 354.00 | 353570.00 | 353924.00 | 353677.00 | 247.00 |
| ഇ.എഫ്.എം.എസ് | 0 | 10237135.00 | 10237135.00 | 10237135.00 | 0 |
| ആകെ | 354.00 | 10590705.00 | 10591059.00 | 10590812.00 | 247.00 |

## 1-7 സാമൂഹ്യസുരക്ഷാ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 9934000 | 518 |
| കർഷക തൊഴിലാളി പെൻഷൻ | 1392000 | 73 |
| വിധവ പെൻഷൻ | 2689900 | 140 |
| 50 വയസ്സിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 281200 | 26 |
| വികലാംഗ പെൻഷൻ | 1405200 | 73 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2024-25 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി തലനാട് ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ക്യാഷ്യറുടെ സാന്നിധ്യത്തിൽ 04.11.2025 തീയതിയിൽ 03.05 പി എം സമയത്ത് നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ മേൽ തീയതിയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

തനത് വരുമാനം വളരെ കുറവായ തലനാട് ഗ്രാമപഞ്ചായത്തിൽ ലഭ്യമാവുന്ന നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ അതീവ ജാഗ്രത പുലർത്തിയിട്ടുണ്ട്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നണ്ട്. ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം മികച്ചതാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.10.2023 – 31.10.2023 | 2018-19 മുതൽ 2022-23 വരെ | Audit I/AMG-I/ (HQ)III/II/ C-3/8A-66/2023-24/240 തീയതി : 15.11.2023 |
| പെർഫോർമൻസ് ഓഡിറ്റ് | 22.06.2022 & 20.10.2022 | 2021-2022 | 22.10.2022 |

## 1-11 തൊഴിൽ നികുതി ഈടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ജീവനക്കാരുടെ/സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന്റെ അതത് സാമ്പത്തിക വർഷത്തെ തനത് വരുമാനം ആയതിനാൽ നികുതി ഈടാക്കുന്നതിൽ നിന്ന് സ്ഥാപനങ്ങളോ ജീവനക്കാരോ ഒഴിവാക്കപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തൊഴിൽ നികുതി പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

I) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 5 റേഷൻ കടകളിലെ ജീവനക്കാരുടെയോ സ്ഥാപനത്തിന്റെയോ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

II)ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് വർക്കുകൾക്ക് കരാറിലേർപ്പെട്ടതും പ്രവർത്തി പൂർത്തിയാക്കിയതുമായ ചുവടെ ചേർക്കുന്ന കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിരുന്നില്ല.

1. ശ്രീമതി തസ്നി മൻസൂർ(ടിയാൾ ഈരാറ്റുപേട്ട നഗരസഭയിൽ 2024-25വർഷം 1500/-രൂപ ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിരുന്നുവെങ്കിലും തലനാട് ഗ്രാമപഞ്ചായത്തിലെ വർക്ക് ബില്ലുകൾ മാറിനൽകിയത് പ്രകാരം വർഷം അടയ്ക്കേണ്ടിയിരുന്ന തുക പരിശോധിക്കേണ്ടതും ബാലൻസ് തുക ഉണ്ടെങ്കിൽ ടിയാളിൽ നിന്ന് ഈടാക്കേണ്ടതുമാണ്. )

2. ശ്രീ. ഡെന്നി ജോസ്

IV) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

തലനാട് ബ്രാഞ്ച് പോസ്റ്റ് ഓഫീസിലെ BPM ആയ ശ്രീ രാഹുൽ ആർ ന്റെ രണ്ടാം അർദ്ധവാർഷിക വരുമാനം 73440/-രൂപയാണ് . ഈടാക്കേണ്ട തൊഴിൽ നികുതി 750/-രൂപയായിരുന്നു. എന്നാൽ ഈടാക്കിയത് 600/-രൂപ മാത്രമാണ്. കുറവ് വന്ന 150/- രൂപ ഈടാക്കിവിവരം അറിയിക്കേണ്ടതാണ്.

തൊഴിൽ നികുതി ഈടാക്കിയതിലെ മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 7/10-11-25) മറുപടിയായി തുക ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 ലൈസൻസില്ലാതെ റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നിവ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3, എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ

റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നിവ നടത്തിക്കൊണ്ടുപോകുവാൻ പാടുള്ളതല്ല. തലനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നീ ഉപയോഗക്രമങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | I/42 | ജിയോ ബേബി | ഹോം സ്റ്റേ |
| 2 | VIII/19 | വിൻസ് ജോസഫ് | റിസോർട്ടുകൾ |

ഇപ്രകാരം ലൈസൻസില്ലാതെ റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നിവ പ്രവർത്തിക്കുന്നത് സംബന്ധിച്ച് ഓഡിറ്റിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(08/11.11.2025)** മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങൾ സംബന്ധിച്ച് സ്ഥലപരിശോധന നടത്തി നിലവിൽ റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നിവയായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്വെയർ ഉപയോഗിച്ച് പഞ്ചായത്ത് പരിധിയിലെ വിവിധ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചതിൽ ലൈവ് സ്റ്റോക്ക് ഫാം രജിസ്ട്രേഷൻ എടുക്കാതെ ചുവടെ ചേർത്തിട്ടുള്ള ഫാമുകൾ **2024-25** വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | ഉടമ | കെട്ടിട നം. | ഉപയോഗ ക്രമം |
|---|---|---|---|
| 1 | അന്നക്കുട്ടി സെബാസ്റ്റ്യൻ | X/ 146 A | കോഴി വളർത്തൽ ഷെഡ് |
| 2 | മേരി ചെട്ടിയാശ്ശേരിൽ | XII / 123 A | ലൈവ് സ്റ്റോക്ക് ഷെഡ് |

മേൽ പട്ടികയിലെ ഫാമുകൾ **2024-25** സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(10/11.11.2025)** മറുപടി ലഭ്യമാക്കിയിട്ടില്ല. ഫാമുകളുടെ പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്തി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 പഞ്ചായത്തിന്റെ അധീനതയിലുള്ള മുറി ഒഴിഞ്ഞു കിടക്കുന്നു

ഗ്രാമ പഞ്ചായത്തിലെ **2024-25** സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ **X/72A** നമ്പർ മുറി മാത്രമേ വാടകയ്ക്ക് നൽകിയിട്ടുള്ളതായി കാണുന്നുള്ളൂ. എന്നാൽ **2023-24** സാമ്പത്തിക വർഷം **I/104, X/72A** എന്നീ **2** മുറികൾ വാടകയ്ക്ക് നൽകിയിരുന്നു. കഴിഞ്ഞ വർഷം വാടകയ്ക്ക് നൽകിയിരുന്നതിൽ **I/104** നമ്പർ മുറി **2024-25** സാമ്പത്തിക വർഷം വാടകയ്ക്ക് നൽകാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(നം.06/10.11.2025) 2023-24** വർഷത്തെ രണ്ടാം അർദ്ധവർഷക്കാലയളവിൽ ടി കെട്ടിടത്തിന് മുകൾഭാഗത്ത് മലയുടെ മുകളിൽ നിന്നും ഉരുൾപൊട്ടലുണ്ടായെന്നും ഉരുൾപൊട്ടൽ ഭീതിയെത്തുടർന്ന് മേൽ മുറിയിൽ സ്ഥാപനം നടത്തിയിരുന്ന അനുശ്രീ കുടുംബശ്രീ പ്രവർത്തകർ പ്രവർത്തനം നിർത്തുകയും ചെയ്തുവെന്നും മേൽ സാഹചര്യത്തിലാണ് ആൾക്കാർ കുറവുള്ളതും ചെങ്കുത്തായ സ്ഥലത്തുള്ളതുമായ ടി കെട്ടിടം ഒഴിഞ്ഞു കിടക്കുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉരുൾപൊട്ടലുണ്ടായ പ്രദേശത്ത് സ്ഥിതി ചെയ്യുന്നതായ മേൽ കെട്ടിടത്തിന്റെ ഫിറ്റ്നസ് പരിശോധിക്കേണ്ടതും മേൽ പ്രദേശത്ത് കെട്ടിടം നിലനിൽക്കുന്നതിന് തടസ്സമുണ്ടെങ്കിലോ കെട്ടിടത്തിന് ബലക്ഷയമുണ്ടെങ്കിലോ കെട്ടിടം പൊളിച്ചു നീക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 അഡ്വാൻസ് രജിസ്റ്റർ & ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി പരിപാലിയ്ക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ 31/03/2025 -ലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം 2,80,303/- രൂപ നിക്ഷേപമിനത്തിൽ ബാധ്യതയായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത നിക്ഷേപങ്ങളുടെ ഓരോ ശീർഷകത്തിലെയും 01/04/2024 -ലെ മുന്നിരിപ്പ് വിശദാംശം (ഒടുക്കിയ വ്യക്തി/സ്ഥാപനം, ഒടുക്കിയ കാലയളവ്, ഉദ്ദേശ്യം/പ്രോജക്ട്, പ്രോജക്ട് പൂർത്തിയാക്കിയ തീയതി) എന്നീ വിവരങ്ങൾ ചേർത്ത് ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ, കാലഹരണപ്പെട്ട നിക്ഷേപങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടില്ല. 2011-കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-33, 58(3)(എ) എന്നിവ പ്രകാരം ഡെപ്പോസിറ്റ് രജിസ്റ്റർ മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ തയ്യാറാക്കി സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാകുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത മൂലം കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനും സാധിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് തയ്യാറാക്കേണ്ടതും തൻവർഷ ഇടപാടുകളും സാമ്പത്തിക വർഷത്തെ സംക്ഷിപ്തവും സെക്രട്ടറി സാക്ഷ്യപ്പെടുത്തി തയ്യാറാക്കി സൂക്ഷിയ്ക്കേണ്ടതുമാണ്. കാലഹരണപ്പെട്ട നിക്ഷേപം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയോടെ മുതൽക്കൂട്ടേണ്ടതാണ്.

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

ഗ്രാമ പഞ്ചായത്ത് വിവിധ ഇനങ്ങളിലായി മുൻകൂർ നൽകുന്ന തുകകൾ, ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിവിധ ഏജൻസികളിൽ നൽകുന്ന തുകകൾ എന്നിവയുടെ ഓരോ സാമ്പത്തിക വർഷത്തെയും മുന്നിരിപ്പ് വിശദാംശം, തൻവർഷ ഇടപാടുകൾ എന്നിവ ചേർത്ത് നിശ്ചിത മാതൃകയിലുള്ള അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. 2011-കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-32, 58(4)(ഡി) എന്നിവ പ്രകാരം, മുൻകൂർ രജിസ്റ്റർ സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാകുന്നു. മുൻകൂറുകളുടെ കൃത്യമായ വിവരങ്ങൾ സൂക്ഷിക്കാതിരിക്കുന്നത് മേൽചട്ടങ്ങളുടെ ലംഘനത്തിനും, മുൻകൂർ തുകയുടെ ക്രമീകരണത്തിൽ അവ്യക്തതയ്ക്കും മേൽവിവരിച്ച പ്രകാരമുള്ള അക്കൗണ്ടിങ്ങ് അപാകതകൾക്കും ഇടയാക്കുന്നു. അഡ്വാൻസ് രജിസ്റ്റർ & ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ യഥാവിധി പരിപാലിക്കാത്തതുമൂലം ബന്ധപ്പെട്ട ശീർഷകങ്ങളിലെ തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ മുന്നിരിപ്പ് വിശദാംശങ്ങൾ ക്യാരി ഓവർ ചെയ്ത് തയ്യാറാക്കി സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതാണ്.

## 1-16 ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാരിലേയ്ക്ക് ഒടുക്കുന്നില്ല

ഗ്രാമപഞ്ചായത്തുകളിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടേയും (പങ്കാളിത്ത പെൻഷനിലുൾപ്പെട്ട ജീവനക്കാരൊഴികെ) ഓരോ മാസത്തെയും അടിസ്ഥാനശമ്പളത്തിന്റെ 15% നിരക്കിലുള്ള തുക പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. എന്നാൽ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ചെലവ് വൗച്ചറുകൾ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ തൻവർഷം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ തുക ഒടുക്കാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് (ബാലൻസ് ഷീറ്റ് പ്രകാരം) | 2870323 |
| 2024-25 ലെ പെൻഷൻ കോൺട്രിബ്യൂഷൻ | 401793 |
| ആകെ | 3272116 |

ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04/07.11.2025) തനത് വരുമാനം, ജനറൽ പർപ്പസ് ഫണ്ട്, ഗ്യാപ്പ് ഫണ്ട് ഇനങ്ങളിൽ ലഭ്യമായ തുക പഞ്ചായത്തിലെ ഭരണച്ചെലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നീ

ബാധ്യതകൾ തീർക്കുന്നതിനു മാത്രമേ ഉപയോഗിക്കാൻ കഴിയുകയുള്ളൂ എന്നും മേൽ ചെലവുകൾക്ക് ശേഷം നിലവിൽ **3275559/-** രൂപ മാത്രമാണ് അക്കൗണ്ടിൽ ശേഷിക്കുന്നതെന്നും ഗ്യാപ്പ് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രത്യേകമായ ഭൂപ്രകൃതി മൂലം തനത് ഫണ്ട് വരുമാന വർദ്ധനവിന് പെട്ടെന്നുള്ള നിർദ്ദേശങ്ങൾ പ്രായോഗികമല്ല. ഗ്യാപ്പ് ഫണ്ട് ഓരോ വർഷവും ലഭ്യമാകുമ്പോൾ നിലവിൽ കുടിശ്ശികയുള്ള തുകയുടെ ഓരോ വിഹിതങ്ങളായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ്. നികുതി വരവുകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ സവിശേഷമായ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ തുക ക്രമീകരിച്ചില്ല

തലനാട് ഗ്രാമ പഞ്ചായത്ത് **LID & EW** സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ തുടരുന്ന എസ്. ബി. ഐ ഈരാറ്റുപേട്ട ടൗൺ ബ്രാഞ്ചിലെ കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നം. **37198358284**), ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം, **08/11/2025** -ൽ **57,868/-** രൂപ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. ടി തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ സംബന്ധിച്ചും, ടെൻഡർ ഫീ ഇനത്തിൽ ലഭ്യമായിട്ടുള്ള തുകയാണെങ്കിൽ, തലനാട് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകാതെ തുക നിലനിർത്തിയിരിക്കുന്നതിന്റെ സാഹചര്യം സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.**12/ 11.11.2025**) മറുപടി ലഭ്യമാക്കിയില്ല. അക്കൗണ്ടിൽ നിൽക്കുന്ന തുക യഥാവിധി ക്രമീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 കേരള വാട്ടർ അതോറിറ്റി വെള്ളക്കരം അടവാക്കൽ- വെള്ളക്കരം അടച്ചിട്ടും വൻതുക ബാധ്യത

| | |
|---|---|
| പ്രോജക്ട് നം | **89/25** |
| അടങ്കൽ | **10,33,692/-** (സിഎഫ് സി ഗ്രാന്റ്) |
| ചെലവ് | **10,33,692/-** |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിനായി സിഎഫ് സി ടൈഡ് ഫണ്ട് വിനിയോഗിച്ച് തയ്യാറാക്കിയ പ്രോജക്ടായിരുന്നു ഇത്. ഗ്രാമപഞ്ചായത്തിലെ **71** സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ഏപ്രിൽ **2024** മുതൽ മാർച്ച് **2025** വരെയുള്ള കാലയളവിൽ **10,33,692/-** സിഎഫ് സി ടൈഡ് ഗ്രാന്റിൽ നിന്നും വാട്ടർ അതോറിറ്റിയ്ക്ക് അടവാക്കിയിരുന്നു. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം **1-4-24** ലെ കുടിശിക **17,77,944/-**രൂപയായിരുന്നു. **31-3-25**ൽ പിഴ തുക ഉൾപ്പടെ കുടിശിക **24,95,270/-**രൂപയായതായി കാണുന്നു. **2023-24**വർഷവും **10,33,692/-** രൂപ അടവാക്കിയിരുന്നു. ഗ്രാമപഞ്ചായത്ത് അടവാക്കുന്ന വെള്ളക്കരം ഡിമാന്റിൽ കുറവ് ചെയ്ത് വരുന്നതായി കാണുന്നില്ല.

**2. 2024-25** വർഷം വെള്ളക്കരം അടവാക്കിയിരിക്കുന്നത് സിഎഫ് സി ടൈഡ് ഫണ്ട് വിനിയോഗിച്ചാണ്. ആവർത്തന ചെലവുകൾക്ക് സിഎഫ് സി ടൈഡ് ഫണ്ട് വിനിയോഗിച്ചത് എത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്നത് വ്യക്തമാക്കിയില്ല. തനത് വരുമാനം നന്നേ കുറവായ പഞ്ചായത്തിന് മറ്റു സ്രോതസ്സുകൾ ഇല്ലാത്തതിനാൽ ടൈഡ് ഫണ്ട് വിനിയോഗിക്കേണ്ടി വന്നതായി എക്സിറ്റ് മീറ്റിങ്ങിൽ അറിയിച്ചിരുന്നു.

**3. 7-3-24**ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ **2/1**നമ്പർ തീരുമാനപ്രകാരം **2023**-ൽ കേരള വാട്ടർ അതോറിറ്റിയും പഞ്ചായത്തും ചേർന്ന് നടത്തിയ സംയുക്ത ഫീൽഡ് പരിശോധന റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയോട് നിർദ്ദേശിച്ച് തീരുമാനിച്ചു. എന്നാൽ **2023**ലെ സംയുക്തപരിശോധനാ റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയിരുന്നില്ല. ആയതിന്റെ

അടിസ്ഥാനത്തിൽ സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം ക്രമീകരിച്ചിട്ടുമില്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം **1/7-11-25**) മറുപടിയായി വാട്ടർ അതോറിറ്റിയ്ക്ക് തുക ക്രമീകരിക്കുന്നതിനായി **13-11-25**ന് കത്ത് നൽകിയിരുന്നതായി അറിയിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വെള്ളക്കരം അടവാക്കിയ തുക ക്രമീകരിക്കാനും പിഴ തുക ഒഴിവാക്കി ലഭിക്കാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - ടെൻഡർ നടപടികളിലെ അപാകതകൾ- അധികം തുക കരാറുകാരന് നൽകി

| | |
|---|---|
| പ്രോജക്ട്.നം | **84/25** (സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്) |
| അടങ്കൽ | **2,56,000/-** (സിഎഫ് സി ഗ്രാന്റ് ) |
| ചെലവ് | **2,56,700/-** (ബിൽ നം **361/22.03.2025**) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രോജക്ടിന് ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. വിനോദ് ടി കെ എന്നയാൾ **12W** ലൈറ്റിന്റെ മെയിന്റനൻസിന് ക്വാട്ട് ചെയ്ത നിരക്കുകൾ ചുവടെ ചേർക്കുന്നു.

**12W**(ഹോൾഡർ, ഷേഡ് ഉൾപ്പടെ) - **480/-**രൂപ

**12W( Box Type) -540/-**രൂപ

എന്നാൽ കരാറുകാരന്റെ ടെൻഡർ അംഗീകരിച്ച് നൽകിയ **17-1-25**ലെ കത്ത് പ്രകാരം **12W** (ഹോൾഡർ ഷേഡ് ഉൾപ്പെടെ) ലൈറ്റിന് **540/-** രൂപ നിരക്കിൽ അംഗീകരിച്ചതായി അറിയിക്കുകയും കരാറുകാരൻ **24-1-25**ൽ കരാർ വയ്ക്കുകയും ചെയ്തിരുന്നു. കുറഞ്ഞ നിരക്ക് കരാറുകാരൻ ക്വാട്ട് ചെയ്തിട്ടും കൂടിയ നിരക്ക് അംഗീകരിച്ച നടപടി അംഗീകരിക്കാവുന്നതല്ല.

കരാറുകാരൻ സമർപ്പിച്ച ബില്ലുകൾ പ്രകാരം**476** എണ്ണം **12W LED** ലൈറ്റുകൾ ഹോൾഡർ, ഷേഡ് എന്നിവ ഉൾപ്പടെ മാറ്റി സ്ഥാപിച്ചതിന് **2,57,040/-** രൂപയുടെ ഇൻവോയിസ് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ **2,56,700/-** ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിച്ചിരുന്നു.

**1.**കരാറുകാരന് അധികം നൽകി

കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കുകൾ പ്രകാരം നൽകാവുന്ന തുക = **476x480= 2,28,480/-**

കരാറുകാരന് നൽകിയ തുക = **2,56,700/-**

അധികം നൽകിയ തുക = **28220/-**

(കരാറുകാരനിൽ നിന്നും ബിൽ തുകയിൽ നിന്നും ഈടാക്കിയ റിട്ടെൻഷൻ തുകയായ **25670** തിരികെ നൽകിയിരുന്നില്ല.)

**2.**ജിഎസ്ടി ആദായനികുതി എന്നിവ ടിഡിഎസ് ആയി ഈടാക്കിയില്ല

കരാറുകാരന് നൽകിയ ബിൽ തുകയിൽ നിന്നും **GST(2%), IT(1%)** വിഹിതങ്ങൾ കുറവ് ചെയതിരുന്നില്ലായെന്ന് കാണുന്നു.

ഈടാക്കേണ്ടയിരുന്ന **GST(2%)= 2,56,700/-X 2%= 5134**

ഈടാക്കേണ്ടയിരുന്ന **IT(1%)= 2,56,700/-X 1%= 2567**

ആകെ = **7701**

**3.**കരാർ നിബന്ധന പാലിച്ചില്ല .

**24-1-25** ലെ കരാർ പ്രകാരം **24-1-25**മുതൽ **1**വർഷത്തേയ്ക്കുള്ള റിപ്പയറിങ്ങ് വർക്കുകൾ നടത്താൻ

ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. കരാർ കാലയളവിനുള്ളിൽ 3മാസത്തെ ഇടവേളകളിൽ 4 തവണ സർവീസ് നടത്തേണ്ടതാണെന്ന് ടെൻഡർ നോട്ടിസിന്റെ നിബന്ധനയിലുമുണ്ടായിരുന്നു. എന്നാൽ കരാറുകാരൻ കരാർ കാലയളവിനുള്ളിൽ എത്ര സർവ്വീസ് നടത്തിയെന്നതിന് രേഖകളില്ല.

4.ഉപയോഗിച്ച ലൈറ്റുകളുടെ വാറന്റി സംബന്ധിച്ച് നിരീക്ഷണം നടത്താൻ സംവിധാനമില്ല.

പ്രസ്തുത പ്രോജക്റ്റിന്റെ ഭാഗമായി 476 ലൈറ്റുകൾ സ്ഥാപിച്ചതിന്റെ തുകയാണ് കരാറുകാരന് നൽകിയിരുന്നത്. എന്നാൽ പ്രോജക്റ്റ് നം. 194/25 പുതിയ തെരുവുവിളക്ക് സ്ഥാപിക്കൽ പ്രകാരം 150 എണ്ണം 12W ലൈറ്റുകൾ വീണ്ടും സ്ഥാപിച്ചതായി കാണുന്നു. വിവിധ പ്രോജക്റ്റുകളിലായി പ്രവൃത്തി നടപ്പാക്കിയപ്പോൾ വാറന്റി കാലയളവിലുള്ള ലൈറ്റുകൾ തന്നെ മാറ്റി സ്ഥാപിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടില്ല. വാറന്റി കാലയളവ് നിരീക്ഷിക്കാൻ സ്വീകരിച്ച സംവിധാനം വിശദീകരിച്ചിരുന്നില്ല.

മേൽപറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 1/7-11-25) മറുപടിയായി കരാറുകാരന് അധികം നൽകിയ തുകയും നികുതികളും അടവാക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയതായി അറിയിക്കുകയും ടിയാന്റെ മുൻവർഷ വർക്കിന്റേത് ഉൾപ്പടെ നിലനിൽക്കുന്ന റിടെൻഷൻ തുകകളിൽ നിന്നും ഈടാക്കുന്നതാണ് എന്നറിയിക്കുകയും ചെയ്തിട്ടുണ്ട്. അധികം നൽകിയ തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-20 ഹരിതകർമ്മസേന വാഹനത്തിന് ഇന്ധനവും മെയിന്റനൻസ് ചാർജ്ജും- ലോഗ് ബുക്ക് രേഖപ്പെടുത്തലില്ല

| | |
|---|---|
| പ്രോജക്റ്റ്.നം | 177/25 |
| അടങ്കൽ | 64,993/- (പൊതുവിഭാഗം വികസനഫണ്ട്+ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 13,598/-<br>(8801/- (ബിൽ നം 27/23-12-24)<br>2230/- ബിൽ നം 49/25-03-25<br>2567/- ബിൽ നം 51/25-03-25 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രോജക്റ്റിന്റെ ഭാഗമായി ഹരിതകർമ്മസേന വാഹനത്തിന് ഇന്ധനം നിറയ്ക്കുന്നതിനായി 13598/- രൂപ പൊതുവിഭാഗം വികസനഫണ്ട് ചെലവഴിച്ചിരുന്നു. എന്നാൽ ഇന്ധനം നിറച്ചതിന്റെ വിശദാംശങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തി മാസാന്ത്യം ക്ലോസ് ചെയ്തതായി കാണുന്നില്ല. ലോഗ് ബുക്കിൽ രേഖപ്പെടുത്താത്താതെ ഡീസൽ നിറച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഡീസൽ അളവ് (ലിറ്റർ) |
|---|---|
| 17.05.2024 | 21.95 |
| 14.06.2024 | 18.47 |
| 18.08.2024 | 19.88 |
| 10.10.2024 | 22.62 |
| 31.01.2025 | 21 |
| 24.03.2025 | 24.18 |

പ്രസ്തുത വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിരുന്നോയെന്നത് വ്യക്തമല്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് (നം 1/7-11-25) മറുപടി

ലഭ്യമാക്കിയിരുന്നില്ല. ലോഗ് ബുക്ക് പരിപാലനത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും ഇന്ധനം നിറച്ചതിന്റെ വിവരം ഉൾപ്പെടുത്തി ലോഗ് ബുക്ക് കാലികമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-21 വിവിധ ജനറൽ കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

**2024-25**വർഷം ചുവടെ ചേർക്കുന്ന വിവിധ കമ്മറ്റികളിൽ എടുത്ത തീരുമാനത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിരുന്നില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീരുമാന നം& തീയതി | തീരുമാനം |
|---|---|
| **13-1-25** ലെ **4/1**നം തീരുമാനം | തലനാട് ഗ്രാമപഞ്ചായത്തിന്റെ **12**-ാം വാർഡിൽ ഞണ്ടുകല്ല്- കൂട്ടക്കല്ല് റോഡിൽ **800** മീറ്റർ മാറി സ്ഥിതി ചെയ്യുന്ന ഡെക്കാൻ റോക്ക്സ് എന്ന സ്ഥാപനത്തിന്റെയടക്കം, ടി സ്ഥാപനത്തിലേയ്ക്ക് സഞ്ചാരം നടത്തുന്ന ലോറികൾ മൂലം പ്രസ്തുത റോഡ് തകർച്ചയിലാകുകയും ആയത് സംബന്ധിച്ച് തദ്ദേശവാസികളുടെ പരാതിയെതുടർന്ന് **03/12/2024**-ൽ പ്രസ്തുത വാർഡ് മെമ്പർ ശ്രീ റോബിൻ ജോസഫ് കമ്മറ്റിയിൽ അപേക്ഷ സമർപ്പിക്കുകയും തുടർന്ന് ടി സ്ഥാപനത്തിന്റെ പ്രൊപ്പറൈറ്റർ ആയ ശ്രീ.സതീഷ് കൊച്ച്കൊട്ടാരത്തിൽ എന്നയാൾക്ക് **12/12/2024**-ൽ നോട്ടീസ് നൽകുകയും **17/12/2024**-ൽ സ്റ്റിയറിംഗ് കമ്മറ്റി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ടിയാനെ പ്രസിഡന്റിന്റെ ചേംബറിൽ വെച്ച് നേരിൽ കേൾക്കുകയും ചെയ്തു. ടിയാൻ പ്രസ്തുത റോഡ് **40mm** ചിപ്പിംഗ് കാർപ്പെറ്റ് ഇട്ട് വീതിക്കൂട്ടി സ്വന്തം ചിലവിൽ പഞ്ചായത്തിന്റെ എല്ലാ വ്യവസ്ഥകളും പാലിച്ച് ടാർ ചെയ്ത് തരുന്നതിന് **18/12/2024**-ൽ രേഖാമൂലം സമ്മതം അറിയിക്കുകയും ചെയ്തിരുന്നു. നിബന്ധനകൾക്ക് വിധേയമായി കമ്മറ്റി അംഗീകരിക്കുകയും ചെയ്തിരുന്നു. |
| **24-2-25** ലെ **12/1**നം തീരുമാനം | തലനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ **10**-ം കൊല്ലംപാറ കടപ്ലാക്കൽ ഓലി ചേരിപ്പാട് റോഡ് നിർമ്മിക്കുന്ന ആവശ്യത്തിലേക്കായി താഴെപ്പറയും പ്രകാരം സ്ഥലം പഞ്ചായത്തിന് സൗജന്യമായി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ആയതിനാൽ ടി വസ്തു പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേക്ക് ആധാരം ചെയ്യുന്നതിന് തീരുമാനിച്ചു.<br><br>**1**ജ്യോതിഷ് ഫ്രാൻസിസ്, ചെങ്ങഴ ശ്ശേരിയിൽ, തലനാട്<br><br>സർവ്വേ നമ്പർ-**110/1** ബ്ലോക്ക് നമ്പർ **059**, (**6** സെൻറ്)<br><br>**2** ജോഷി തോമസ്,നമ്പുടാകത്ത്,തലനാട് |

| | |
|---|---|
| | സർവ്വേ നമ്പർ-111/2-1 ബ്ലോക്ക് നമ്പർ 059 (7 സെൻറ്)<br>3 കുര്യൻ കെ വി,കടപ്ലാക്കൽ, തലനാട്<br>സർവ്വേ നമ്പർ-111/2-1-1 ബ്ലോക്ക് നമ്പർ 059(3 സെൻറ്) |

മേൽപറഞ്ഞ കമ്മറ്റിതീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 5/7-11-25) മറുപടി ലഭ്യമാക്കിയിരുന്നില്ല. വിവിധ കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കേണ്ടത് സെക്രട്ടറിയുടെ നിയമപരമായ ബാധ്യതയാണ്. ആയത് കൃത്യമായി നിർവ്വഹിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും തീരുമാനങ്ങളുടെ നിലവിലെ സ്ഥിതി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-22 അങ്കണവാടി ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റിലെ പ്ലംബിംഗ് & വയറിംഗ് പ്രവൃത്തികൾ - ചെലവ് രേഖകൾ ലഭ്യമായില്ല

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, 'വാർഡ് -III -ലെ അങ്കണവാടി ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റിന് പ്ലംബിംഗും വയറിംഗും' എന്ന സ്പിൽ ഓവർ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./ പേര് | **S0131/25**<br>വാർഡ് **III** -ലെ അങ്കണവാടി ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റിന് പ്ലംബിംഗും വയറിംഗും |
| അടങ്കൽ തുക | **12,000/-**<br>കേന്ദ്രാവിഷ്കൃത ഫണ്ട് |
| സാങ്കേതിക അനുമതി | **LSGD/CELSGD/EST/ TS/122979/2023/ 04.12.2023** |
| എസ്റ്റിമേറ്റിനുള്ള ഭരണ അനുമതി | **1 (1)/ 18.09.2023** |
| ഗുണഭോക്തൃസമിതി കൺവീനർ | ശ്രീ. ഗോപിനാഥൻ മുട്ടത്ത് ഗോപാലൻ |
| അളവ് പുസ്തകം | **M Book No. 2774/2024** |
| കരാർ നം. / തീയതി | **23/AE/LSGD/23-24/ 15.03.2024** |

| | |
|---|---|
| | |
| ചെലവ് തുക | **4,584/-** |
| ബിൽ വിവരങ്ങൾ | **64/ 23.07.2024** |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

തലനാട് ഗ്രാമ പഞ്ചായത്തിലെ വാർഡ് **III** അങ്കണവാടി നം. **21** -ന് പ്ലംബിംഗും വയറിംഗും ചെയ്യുന്നതിനായി **2023-24** വാർഷിക പദ്ധതിയിൽ **12,000/-** രൂപ വകയിരുത്തുകയും, തൻവർഷം പദ്ധതി സ്പിൽ ഓവറായി ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അങ്കണവാടി ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റിന്റെ പ്ലംബിംഗ് & വയറിംഗ് പ്രവൃത്തികൾക്ക് വാഷ് ബേസിൻ, വിവിധ പ്ലംബിംഗ് ഐറ്റംസ്, എന്നിവയ്ക്കൊപ്പം വയറിംഗിനായി ലംപ്സം തുകയായി **4200/-** രൂപയും എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്. റണ്ണിംഗ് അക്കൗണ്ട് ബില്ലിലെ ക്രമ നം. **1** മുതൽ **3** വരെയുള്ള ഇനങ്ങളിലായി വിവിധ പ്ലംബിംഗ് ഐറ്റംസ്, ഇലക്ട്രിക്ക് വർക്ക് എന്നിവയ്ക്കായുള്ള തുകയിൽ നിന്നും, ആദായ നികുതി **(38/-** രൂപ) , കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ബോർഡ് വിഹിതം **(38/-** രൂപ) എന്നിവ കുറവ് ചെയ്ത്, **4508/-** രൂപ ഗുണഭോക്തൃസമിതി കൺവീനർക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. റണ്ണിംഗ് അക്കൗണ്ട് ബില്ലിലെ ക്രമ നം. **1** മുതൽ **3** വരെയുള്ള ഇനങ്ങളിലായി ഉൾപ്പെടുത്തിയിട്ടുള്ള ഐറ്റങ്ങളുടെ പർച്ചേയ്സ് ബിൽ/ ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. **16/ 12.11/2025**), മറുപടി ലഭ്യമാക്കിയില്ല.

സർക്കുലർ നമ്പർ. **1/1559/2010**/സി.ഇ/ത.സ്വ.ഭ.വ/ **13.11.2014** പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുമ്പോൾ, കമ്മറ്റിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള തുകയോ ഏതാണ് കുറവ്, ആ തുകയാണ് കമ്മറ്റിക്ക് നൽകേണ്ടത്. ഇതിനായി വാങ്ങുന്ന സാധനങ്ങളുടെ ബില്ലുകൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ മസ്റ്റർ റോൾ, യന്ത്ര സാമഗ്രികളുടെ വാടക എന്നിവയെ അടിസ്ഥാനപ്പെടുത്തി വരവു ചെലവു കണക്ക് തയ്യാറാക്കി സമർപ്പിച്ച് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് അതാണ് അനുവദിച്ച് നൽകേണ്ടിയിരുന്നത്. എന്നാൽ, പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട്, ഗുണഭോക്തൃ സമിതി വരവു ചെലവു കണക്ക് തയ്യാറാക്കി അവതരിപ്പിച്ചതായി കാണുന്നില്ല.

ചെലവിന് ആധാരമായ പർച്ചേയ്സ് ബല്ലുകൾ/ ടാക്സ് ഇൻവോയ്സുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാകാത്ത സാഹചര്യത്തിൽ **4,584/-** രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 റോഡ് മെയിന്റനൻസ് വർക്ക് - ബാരൽ വില കുറവ് ചെയ്തില്ല

ഗ്രാമപഞ്ചായത്തിന്റെ **2024-25** വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, മുസ്ലിം പള്ളി - വെള്ളാപ്പള്ളി - മറയാട്ടിക്കൽ റോഡിന്റെ മെയിന്റനൻസ് വർക്ക് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./ പേര് | **S0100/ 2025**<br>വാർഡ് **II** : മുസ്ലിം പള്ളി - വെള്ളാപ്പള്ളി - മറയാട്ടിക്കൽ റോഡ് മെയിന്റനൻസ് |

| | |
|---|---|
| അടങ്കൽ തുക | **5,00,000/-**<br>വികസന ഫണ്ട് (ജനറൽ) +<br>മെയിന്റനൻസ് ഫണ്ട് (റോഡ്) |
| സാങ്കേതിക അനുമതി | **LSGD/CELSGD/EST/TS/3960/2023/ 22.02.2023** |
| പുതുക്കിയ എസ്റ്റിമേറ്റിനുള്ള ഭരണ അനുമതി | **3 (1)/ 09.01.2024** |
| കരാറുകാരൻ | ശ്രീ. സുനിൽ. പി. എസ് |
| അളവ് പുസ്തകം | **M Book No. 3960/2023** |
| കരാർ നം. / തീയതി | **48/AE/TLND/22-23/ 24.03.2023** |
| ചെലവ് തുക | **5,00,000/-** |
| ബിൽ വിവരങ്ങൾ | **BRN: 24090252079100199505/16.05.2024 (61,190/-)**<br>**BRN: 24090252079100620272/04.09.2024 (4,38,810/-)** |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

**2023-24** സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി നിലനിന്നിരുന്ന മുസ്ലിംപള്ളി - വെള്ളാപ്പള്ളി - മറയാട്ടിക്കൽ റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിൽ **20 Mm** ചിപ്പിംഗ് കാർപെറ്റ്, സീൽ കോട്ട് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ, എസ്റ്റിമേറ്റ് എടുത്തതിനേക്കാൾ കൂടുതലായി, റോഡ്കുത്തിയൊലിച്ചു പോയതിനാൽ **WMM** -ന്റെ കനത്തിൽ വ്യതിയാനം വരുത്തി **MSS** രീതിയിൽ ടാറിംഗ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ, റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ **3 (1)/ 09.01.2024** നം. തീരുമാനപ്രകാരം അനുമതി നൽകിയിട്ടുണ്ട്. റോഡ് മെയിന്റനൻസ് പ്രവൃത്തിക്കായുള്ള ബിറ്റുമിന്റെയും എമൽഷന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിറ്റുമിൻ | കി. ഗ്രാം/ ബാരൽ | പ്രവൃത്തിക്കായുള്ള ബിറ്റുമിൻ ഉപഭോഗം (Kg) | ബാരൽ (എണ്ണം) |
|---|---|---|---|---|
| **1)** | **SS1 EMULSION** | **182** | **711.45** | **04** |
| **2)** | **RS1 EMULSION** | **182** | **230.17** | **01** |
| **3)** | **VG 30** | **156** | **1841.40** | **12** |
| | ആകെ | | | **17** |

'**17**' കാലി വീപ്പയുടെ വിലയായ **4,777/-** രൂപ (**@ 281/-** രൂപ പ്രകാരം) ഫൈനൽ ബില്ലിൽ കുറവ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. ടി ബാരൽ വില കുറവ് ചെയ്തിട്ടുണ്ടെങ്കിൽ, ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. **15/11.11.2025**), മറുപടി ലഭ്യമാക്കിയില്ല. '**17**' കാലിവീപ്പയുടെ വിലയായ **4,777/-** രൂപ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ള കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കുവാൻ സാധിക്കാത്ത പക്ഷം, ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

സർക്കുലർ നം. **59827**/എഫ്. എം/**07** തസ്വഭവ/**30.10.2007** പ്രകാരം, കരാറുകാരനിൽ നിന്നും ഈടാക്കുന്ന ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത്/ചെലവഴിച്ചത് അതത് ഫണ്ടിൽ, ജി. ഒ (പി) നം. **177/06**/ഫിൻ തീയതി **12.04.2006** ഉത്തരവ് ഖണ്ഡിക **3-10** പാലിച്ച് തിരികെ അടവാക്കേണ്ടതാണ്.

## 1-24 കുടുംബാരോഗ്യ കേന്ദ്രം ഫാമിലി വെൽഫയർ സെന്റർ നിർമ്മാണം - ഇലക്ട്രിക് വർക്കുകൾ പൂർത്തീകരിച്ചില്ല

ഗ്രാമ പഞ്ചായത്തിന്റെ **2024-25** വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, തലനാട് ഗ്രാമ പഞ്ചായത്ത് 'കുടുംബാരോഗ്യ കേന്ദ്രത്തിൽ ഫാമിലി വെൽഫയർ സെന്റർ നിർമ്മാണം' എന്ന പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./ പേര് | **S0183/ 2025**<br>കുടുംബാരോഗ്യ കേന്ദ്രത്തിൽ ഫാമിലി വെൽഫയർ സെന്റർ നിർമ്മാണം |
| അടങ്കൽ തുക | **27,75,000/-**<br>ഹെൽത്ത് ഗ്രാന്റ് |
| സാങ്കേതിക അനുമതി | **LSGD/CELSGD/EST/TS/3960/2023/ 22.02.2023** |
| പുതുക്കിയ എസ്റ്റിമേറ്റിനുള്ള ഭരണ അനുമതി | **1 (1)/ 20.12.2024** |
| കരാറുകാരൻ | ശ്രീ. ഡെന്നി ജോസ് |
| അളവ് പുസ്തകം | **M Book No. 107278/2023** |
| കരാർ നം. / തീയതി | **22/AE/LSGD/23-24/ 15.03.2024**<br>**SA(9)/AE LSGD/2024-25/ 17.12.2024**<br>**(Supplementary Agreement)** |
| ചെലവ് തുക | **27,75,000/-** |
| ബിൽ വിവരങ്ങൾ | **134/ 22.11.2024 (27,75,000/-)** |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

കുടുംബാരോഗ്യ കേന്ദ്രത്തിലെ പ്രസ്തുത ഫാമിലി വെൽഫയർ സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് **10/11/2025**-ൽ നടത്തിയ സ്ഥല പരിശോധന, റണ്ണിംഗ് അക്കൗണ്ട് ബില്ലിലെ ക്രമ നം. **1** മുതൽ **15** വരെയുള്ള ഇനങ്ങളുടെ പരിശോധന എന്നിവ പ്രകാരം, ജനറൽ ഇലക്ട്രിക് വർക്കുകൾ ഒഴികെ, പ്ലംബിങ് വർക്കുകൾ ഉൾപ്പെടെയുള്ള മറ്റ് പ്രവൃത്തികൾ നടപ്പിലാക്കി **05/11/2025** -ൽ കെട്ടിടം ഉദ്ഘാടനം ചെയ്തിട്ടുള്ളതായി കാണുന്നു.



കെട്ടിടത്തിന്റെ ഇലക്ട്രിക് വർക്കുകൾ പൂർത്തീകരിക്കാതെ തുടരുന്നതിന്റെ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/ 11.11.2025) മറുപടി ലഭ്യമാക്കിയില്ല. കുടുംബാരോഗ്യ കേന്ദ്രത്തിലെ ഫാമിലി വെൽഫയർ സെന്റർ നിർമ്മാണം പൂർത്തിയാക്കി, ജനങ്ങൾക്ക് സേവനം ലഭ്യമാക്കേണ്ട അടിയന്തിര സാഹചര്യം പരിഗണിച്ച്, ഇലക്ട്രിക് വർക്കുകൾ ഉൾപ്പെടെയുള്ള എല്ലാവിധ പ്രവൃത്തികളും കാലതാമസം കൂടാതെ പൂർത്തീകരിച്ച്, വെൽഫയർ സെന്റർ പ്രവർത്തനസജ്ജമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റ് പ്ലാന്റ് നിർമ്മാണം - പദ്ധതി പ്രവർത്തനക്ഷമമായില്ല

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, 'എഫ്. എച്ച്. സി കോമ്പൗണ്ടിൽ തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റ് പ്ലാന്റ് നിർമ്മാണം' എന്ന സ്പിൽ ഓവർ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | **S0129/25**<br>എഫ്. എച്ച്. സി കോമ്പൗണ്ടിൽ തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റ് പ്ലാന്റ് നിർമ്മാണം |
| അടങ്കൽ തുക | **2,10,000/-**<br>ധനകാര്യ കമ്മിഷൻ ഗ്രാന്റ് + കേന്ദ്രാവിഷ്കൃത ഫണ്ട് (SBM) |
| സാങ്കേതിക അനുമതി | **LSGD/CELSGD/EST/TS/99912/2023/ 16.11.2023** |
| എസ്റ്റിമേറ്റിനുള്ള ഭരണ അനുമതി | **1 (1)/ 23.05.2023** |
| കരാറുകാരൻ | ശ്രീ. സിജോ കുര്യൻ |
| അളവ് പുസ്തകം | **M Book No. 99912/2023** |
| കരാർ നം. / തീയതി | **18/AE/LSGD/23-24/ 07.03.2024**<br>**SA(8)/AE/LSGD/2024-25/ 06.09.2024**<br>**(Supplementary Agreement)** |

| | |
|---|---|
| ചെലവ് തുക | **2,10,000/-** |
| ബിൽ വിവരങ്ങൾ | **309/ 13.03.2025 (1,47,000/-)**<br>**308/ 13.03.2025 (63,000/-)** |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

തലനാട് ഗ്രാമ പഞ്ചായത്തിലെ എഫ്. എച്ച്. സി -യിൽ തുമ്പൂർമുഴി കമ്പോസ്റ്റ് പ്ലാന്റ് നിർമ്മിക്കുന്നതിനായി, പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ **2,10,000/-** രൂപ വകയിരുത്തിയിരുന്നു. കമ്പോസ്റ്റ് പ്ലാന്റിനായി ഷെൽട്ടർ റൂമും ബയോ ബിന്നും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ഖരമാലിന്യങ്ങൾ കമ്പോസ്റ്റ് ആക്കി മാറ്റുന്നതിനും, അതുവഴി മാലിന്യ നിർമാർജ്ജനം നടപ്പാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത കമ്പോസ്റ്റ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കാതെ തുടരുന്നതായി **10/11/2025**-ലെ ഓഡിറ്റ് സ്ഥല പരിശോധനയിൽ വ്യക്തമായി.



അംഗീകൃത ഇനോക്കുലം നിർമ്മാണ യൂണിറ്റുകളിൽ നിന്നും സൂക്ഷ്മാണു മിശ്രിതം ലഭ്യമാക്കി, മാലിന്യ നിർമ്മാർജ്ജനത്തിനായി കമ്പോസ്റ്റ് പ്ലാന്റ് സജ്ജമാക്കാതെ തുടരുന്നതിന്റെ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(നം.13/ 11.11.2025)** മറുപടി ലഭ്യമായില്ല. പദ്ധതി പ്രവർത്തന ക്ഷമമാക്കാതെ തുടരുന്ന സാഹചര്യത്തിൽ, ധനകാര്യ കമ്മിഷൻ ഗ്രാന്റ് **&** കേന്ദ്രാവിഷ്കൃത ഫണ്ട് **(SBM)** ഇനത്തിൽ നടത്തിയിട്ടുള്ള **2,10,000/-** രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കമ്പോസ്റ്റ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-26 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം- അപേക്ഷയിൽ

കാണിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളിലേയ്ക്ക് നൽകാതെ സ്കോളർഷിപ്പ് തുക കൈമാറി

| | | |
|---|---|---|
| പ്രോജക്ട് നം | S0071/25 (ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം ) | |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| അടങ്കൽ | 700000/-<br>420000/-(വികസന ഫണ്ട് പൊതു വിഭാഗം)<br>210000/-(ബ്ലോക്ക് വിഹിതം)<br>70000/-(ജില്ലാ വിഹിതം) | |
| ചെലവ് | 619800/-<br>352800/-(വികസന ഫണ്ട് പൊതു വിഭാഗം)<br>210000/-(ബ്ലോക്ക് വിഹിതം)<br>57000/-(ജില്ലാ വിഹിതം) | 1.ബിൽ നം. 330/03.12.2024-210000/-<br>2.ബിൽ നം. 397/18.01.225-271300/-<br>3.ബിൽ നം. 481/07.03.2025-81500/-<br>4.ബിൽ നം. 518/18.03.2025-57000- |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം (S0071/25) എന്ന പദ്ധതി പ്രകാരം സ്കോളർഷിപ്പ് തുക ഗുണഭോക്താക്കളുടെ അപേക്ഷ പ്രകാരമുള്ള ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകാതെ മറ്റ് അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ വിലാസം | അപേക്ഷ പ്രകാരമുള്ള അക്കൗണ്ട് നം./ ഐ.എഫ്.എസ്.സി കോഡ് | ബിൽ പ്രകാരം തുക നൽകിയ അക്കൗണ്ട് നം./ ഐ.എഫ്. എസ്.സി കോഡ് | നൽകിയ സ്കോളർഷിപ്പ് തുക |
|---|---|---|---|---|
| 1 | റയീസ് ബഷീർ<br>ഇടവണ്ണവളപ്പറമ്പിൽ<br>ചാമപ്പാറ | 13200100078352<br>FDRL0001320<br>ഫെഡറൽ ബാങ്ക് തീക്കോയി | 67179561125<br>SBIN0070341 | 28,500/- |
| 2 | അതുല്യ സാം<br>പടിഞ്ഞാറേപുരയ്ക്കൽ<br>അടുക്കം | 13200100068189<br>FDRL0001320<br>ഫെഡറൽ ബാങ്ക് തീക്കോയി | 12160100078797<br>FDRL0001216 | 28,500/- |
| 3 | ലക്ഷ്മി പ്രിയ | 20840100026249 | 67204913070 | 28,500/- |

| | | | | |
|---|---|---|---|---|
| | ഇ.എസ്<br>ഇറ്റോലിൽ<br>മുപ്പതടം<br>തലനാട് | FDRL00012084<br>ഫെഡറൽ ബാങ്ക്<br>തലനാട് | SBIN0070958 | |
| | | | | 85500/- |

ഗുണഭോക്താക്കൾക്കളുടെ അപേക്ഷ പ്രകാരമുള്ള ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകാതെ സ്കോളർഷിപ്പ് തുക മറ്റ് അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/11.11.2025) മറുപടിയായി മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ അപേക്ഷയ്ക്കൊപ്പം തന്ന ബാങ്ക് അക്കൗണ്ട് കൂടാതെ പിന്നീട് തന്ന അക്കൗണ്ട് നമ്പരുകളിലേയ്ക്കാണ് സ്കോളർഷിപ്പ് തുകകൾ മാറി നൽകിയത് എന്നറിയിച്ചു. എന്നാൽ തുകകൾ മാറി നൽകിയ അക്കൗണ്ട് വിവരങ്ങൾ ഗുണഭോക്താക്കളുടെ തന്നെയാണോ എന്നത് തെളിയ്ക്കുന്ന രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ 85500/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്കോളർഷിപ്പ് തുകകൾ മാറി നൽകിയ അക്കൗണ്ട് ഗുണഭോക്താക്കളുടെ തന്നെയാണ് എന്ന് തെളിയ്ക്കുന്ന രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-27 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം-പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നം | 71/25 (ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം ) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 700000/-<br>(420000/-(വികസന ഫണ്ട് പൊതു വിഭാഗം)<br>210000/-(ബ്ലോക്ക് വിഹിതം)<br>70000/-(ജില്ലാ വിഹിതം)) |
| ചെലവ് | 619800/-<br>(352800/-(വികസന ഫണ്ട് പൊതു വിഭാഗം)<br>210000/-(ബ്ലോക്ക് വിഹിതം)<br>57000/-(ജില്ലാ വിഹിതം))<br>1.ബിൽ നം.330/03.12.2024 - 210000/-<br>2.ബിൽ നം.397/18.01.2025 - 271300/-<br>3.ബിൽ നം.481/07.03.2025- 81,500/-<br>4.ബിൽ നം.518/18.03.2025 - 57,000/- |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം (71/25) എന്ന പദ്ധതി പ്രകാരം പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അധികം തുക നൽകിയതായി ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | ഗുണഭോക്താക്താവിന്റെ | നൽകിയ തുക | അധികം |
|---|---|---|---|

| നം. | പേര്/ വിലാസം | ബിൽ നം/തീയതി | നൽകിയ തുക |
|---|---|---|---|
| 1 | ശ്രേയസ് മനോജ്<br>S/0 മനോജ് കെ.ജി<br>കീച്ചേരിൽ<br>തലനാട് | 19000/-(ബിൽ നം.397/18.01.2025 )<br>9500/- (ബിൽ നം.481/07.03.2025)<br>28500/- (ബിൽ നം.518/18.03.2025)<br>ആകെ 57000 | 28500/- |
| 2 | അമേല്യ നളിനി ഷിനോയി<br>D/0ഷിനോയി.ജി<br>പന്നികല്ലിൽ<br>തലനാട് | 19000/- ബിൽ നം.330/03.12.2024<br>9500/-(ബിൽ നം.397/ 18.01.2025 )<br>28500/- (ബിൽ നം.518/18.03.2025)<br>ആകെ 57000/- | 28500/- |
| | ആകെ | | 57000/- |

പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/11.11.2025) മറുപടിയായി മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് 2023-24 വർഷം സ്കോളർഷിപ്പ് നൽകിയിരുന്നില്ലെന്നും ആയതിനാൽ 2024-25 വർഷത്തെ ഫണ്ടിൽ നിന്നും മുൻ വർഷത്തെ തുക നൽകുന്നതിന് കമ്മറ്റി തീരുമാനച്ചതിന്റെ അടിസ്ഥാനത്തിൽ 2023-24,2024-25വർഷങ്ങളിലെ തുകകൾ ഒന്നിച്ച് മാറി നൽകിയതാണെന്നും വ്യക്തമാക്കിയെങ്കിലും കമ്മറ്റി തീരുമാനത്തിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല. കൂടാതെ 2023-24 വർഷം ഇവർക്ക് ധനസഹായം അനുവദിച്ചിട്ടില്ലെന്നതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ അധികം ചെലവഴിച്ച 57000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 അങ്കണവാടികളുടെ കണ്ടിജന്റ് ചാർജ്ജ് -ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | 79/25 (വിവിധ അങ്കണവാടികളുടെ കണ്ടിജന്റ് ചാർജ്ജ് ) |
| അടങ്കൽ | 20000/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | 7024/-(ബിൽ നം.524/20.03.2025)<br>1506/-(ബിൽ നം.567/25.03.2025)<br>ആകെ- 8530/- |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ S0079/25 നമ്പർ വിവിധ അങ്കണവാടികളുടെ കണ്ടിജന്റ് ചാർജ്ജ് എന്ന പദ്ധതി പ്രകാരം കണ്ടിജന്റ് ചാർജ്ജിനത്തിൽ മാറിയ തുക 8530/-രൂപയുടെ ചെലവു രേഖകൾ ബില്ലിനൊപ്പം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ തുകകൾ എത് ചെലവിനത്തിൽ മാറിയതാണ് എന്ന കാര്യത്തിൽ വ്യകതതയില്ല. ചെലവു രേഖകൾ ഹാജരാക്കാത്തതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.09/11.11.2025) മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ ചെലവ് രേഖകളുടെ അഭാവത്തിൽ 8530/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 എഫ്.എച്ച്.സിയുടെ ഓഫീസ് ചെലവുകൾ-ചെലവ് രേഖകൾ ഇല്ലാതെ തുക പിൻവലിച്ചു.

| | |
|---|---|
| പ്രോജക്ട് നം | 45/25 (എഫ്.എച്ച്.സിയുടെ ഓഫീസ് ചെലവുകൾ ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി, |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| അടങ്കൽ | 75,000/- |
| ചെലവ് | 75000/-/ |

മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി നിർവ്വഹണം നടത്തിയ 45/25 നമ്പർ എഫ്.എച്ച്.സിയുടെ ഓഫീസ് ചെലവുകൾ എന്ന പദ്ധതി പ്രകാരം വൈദ്യുതി ചാർജ്ജിനത്തിൽ അടവാക്കിയ തുക എച്ച് എം സി അക്കൗണ്ടിലേയ്ക്ക് മാറി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./ തീയതി | തുക | ഇനം |
|---|---|---|---|
| 1 | 241/07.03.2025 | 5849/- | വൈദ്യുതി ചാർജ്ജ് ഫെബ്രുവരി 2025 |
| 2 | 312/11.03.2025 | 9017/- | വൈദ്യുതി ചാർജ്ജ് ജനുവരി 2025& മാർച്ച് 2025 |

ബില്ലിനോടൊപ്പം ഹാജരാക്കിയ വൗച്ചറുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ക്രമ നം.1- 2025 ഫെബ്രുവരി മാസത്തെ വൈദ്യുതി ചാർജ്ജിനത്തിൽ നൽകിയ 5849/ രൂപയുടെ ബില്ലിനോടൊപ്പം ഹാജരാക്കിയിട്ടുള്ളത് 2025 മാർച്ച് മാസത്തെ ബില്ലാണ്. 2025 ഫെബ്രുവരി മാസം ഒടുക്കിയ വൈദ്യുതി ബിൽ ഹാജരാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.03/07.11.2025) മറുപടിയായി തലനാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ 2025 ഫെബ്രുവരി മാസത്തെ കറന്റ് ചാർജ്ജിനത്തിൽ 5849/ രൂപ എച്ച്.എം.സി അക്കൗണ്ടിൽ നിന്ന് 06/02/2025-ൽ പിൻവലിച്ച് അടവാക്കിയിട്ടുള്ളതാണെന്നും എന്നാൽ ഫെബ്രുവരി മാസത്തെ കറന്റ് ചാർജ്ജ് ബിൽ നഷ്ടപ്പെട്ടു പോയതിനാലാണ് അടവാക്കിയ ബിൽ തുക അറിയാൻ വേണ്ടി മാർച്ച് മാസത്തെ കറന്റ് ചാർജ്ജ് ബില്ലിനൊപ്പം ഹാജരാക്കിയത് എന്നും അതിൽ മുൻ മാസം അടവാക്കിയ തുക (5849/- രൂപ) രേഖപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കി. യഥാർത്ഥ ചെലവു വൗച്ചർ ഹാജരാക്കാതെ തുകകൾ മാറി നൽകുന്നത് ശരിയായ പ്രവണതയല്ല. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിയ്ക്കാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-30 ലൈഫ് ഭവനപദ്ധതി -ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

2024-25 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ജനറൽ, എസ്.സി, എസ്.റ്റി വിഭാഗങ്ങളിലായി അഞ്ച് പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| **പ്രോജക്ട് നം/പേര്** | അടങ്കൽ | ചെലവ് |
|---|---|---|
| 21/25 | 1000000/- | 1000000/- |

| | | | | |
|---|---|---|---|---|
| | ലൈഫ് ഭവന നിർമ്മാണ പദ്ധതി (ജനറൽ) | (വികസനഫണ്ട് പൊതു വിഭാഗം)<br>4000000/-(സംസ്ഥാനവിഷ്കൃത ഫണ്ട്)<br>1500000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം )<br>1500000/-(ജില്ലാ പഞ്ചായത്ത്)<br>6600000/-(മറ്റുള്ളവ)<br>ആകെ -14600000/- | (വികസനഫണ്ട് പൊതു വിഭാഗം)<br>1470000/-(സംസ്ഥാനവിഷ്കൃത ഫണ്ട്)<br>300000/-(ജില്ലാ പഞ്ചായത്ത്)<br>1938000/-(മറ്റുള്ളവ)<br>ആകെ -4708000/ | |
| | S0102/25<br>ലൈഫ് ഭവന നിർമ്മാണ പദ്ധതി (ജനറൽ-സ്പിൽ ഓവർ) | 435000/-(വികസനഫണ്ട് പൊതു വിഭാഗം)<br>2450000/-(സംസ്ഥാനവിഷ്കൃത ഫണ്ട്)<br>1060000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം )<br>1500000/-(ജില്ലാ പഞ്ചായത്ത്)<br>3702000/-(മറ്റുള്ളവ)<br>ആകെ -9147000/- | 400000/-(വികസനഫണ്ട് പൊതു വിഭാഗം)<br>ആകെ -400000/- | |
| | 022/25<br>ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ്.സി) | 445495/-(വികസനഫണ്ട് എസ്.സി.പി)<br>300000/-(സംസ്ഥാനവിഷ്കൃത ഫണ്ട്)<br>400000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം )<br>400000/-(ജില്ലാ പഞ്ചായത്ത്)<br>440000/-(മറ്റുള്ളവ)<br>ആകെ -1985495/- | 140000/-(വികസനഫണ്ട് പൊതു വിഭാഗം)<br>ആകെ -140000/- | |
| | S0047/25<br>ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ്.റ്റി) | 532687/-(വികസനഫണ്ട് റ്റി.എസ്.പി)<br>4000000/-(സംസ്ഥാനവിഷ്കൃത ഫണ്ട്)<br>1000000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം ) | 532687/-(വികസനഫണ്ട് റ്റി.എസ്.പി<br>260000/-(സംസ്ഥാനവിഷ്കൃത ഫണ്ട്)<br>620000/-(മറ്റുള്ളവ)<br>ആകെ-1412687/- | |

| | | |
|---|---|---|
| | 2000000/-(ജില്ലാ പഞ്ചായത്ത്)<br>2500000/-(മറ്റുള്ളവ)<br>ആകെ -10032687/- | |
| S0103/25<br>ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ്.റ്റി-സ്പിൽ ഓവർ | 639313/-(വികസനഫണ്ട് റ്റി.എസ്.പി)<br>3320000/-(സംസ്ഥാനവിഷ്കൃത ഫണ്ട്)<br>1000000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം )<br>1600000/-(ജില്ലാ പഞ്ചായത്ത്)<br>2170000/-(മറ്റുള്ളവ)<br>ആകെ -8729313/- | 280000/-(വികസനഫണ്ട് റ്റി.എസ്.പി<br>280000/-(സംസ്ഥാനവിഷ്കൃത ഫണ്ട്)<br>ആകെ-560000/- |

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ കരാർ വെച്ച് ധനസഹായം കൈപ്പറ്റി വീട് പണി തുടങ്ങിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ അവരുടെ ഭവനനിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ലാത്തതായി കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ.നം. | ഗുണഭോക്താവിന്റെ പേര്/വിലാസം | വിഭാഗം | കരാർ വെച്ച തീയ്യതി | നിലവിലെ സ്ഥിതി | കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| **1** | ലോമിന ജോസഫ്<br>ഞാവള്ളിയിൽ<br>തലനാട്<br>വാർഡ്-**13** | ജനറൽ | **22.03.2023** | ലിന്റൽ വരെ | **340000/-** |
| **2** | വിലോചനൻ<br>ഓന്തുപാറയിൽ<br>തലനാട്<br>വാർഡ്-**3** | ജനറൽ | **22.03.2023** | ലിന്റൽ വരെ | **340000/-** |
| **3** | രമാദേവി എ.ജി<br>കൂവപ്ലാക്കൽ<br>തലനാട്<br>വാർഡ്-**2** | ജനറൽ | **22.03.2023** | ലിന്റൽ വരെ | **360000/-** |
| **4** | സുജാത ഷാജി<br>പുളിയ്ക്കൽ<br>അടുക്കം<br>വാർഡ്-**5** | ജനറൽ | **26.062023** | ലിന്റൽ വരെ | **360000/-** |
| **5** | ഭാനുമതി | ജനറൽ | **14.07.2024** | ലിന്റൽ വരെ | **360000/--** |

| | | | | | |
|---|---|---|---|---|---|
| | ചിദംബരൻ<br>കുരുന്നോത്ത്<br>തലനാട്<br>വാർഡ്-11 | | | | |
| 6 | സലീന ഹസൈനാർ<br>പള്ളിയിൽ<br>തീക്കോയി എസ്റ്റേറ്റ്<br>വാർഡ്-9 | ജനറൽ | 14.07.2024 | ലിന്റൽ വരെ | 360000/-- |
| 7 | പൊന്നമ്മ<br>മോഹനൻ<br>തുണ്ടത്തിൽ<br>അടുക്കം<br>വാർഡ്-7 | ജനറൽ | 07.08.2023 | ലിന്റൽ വരെ | 360000/-- |
| 8 | സാലിക്കുട്ടി ജോൺ<br>പൂവനാൽ<br>അടുക്കം<br>വാർഡ്-5 | ജനറൽ | 05.10.2023 | ലിന്റൽ വരെ | 300000/-- |
| 9 | സൌമ്യ ജിന്റോ<br>പഴുക്കാനിയൽ<br>തലനാട്<br>വാർഡ്-10 | ജനറൽ | 15.01.2025 | ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല | 40000/- |
| 10 | സുനിത മോഹൻ<br>തേവർകുന്നേൽ<br>തലനാട്<br>വാർഡ്-11 | ജനറൽ | 15.01.2025 | ലിന്റൽ വരെ | 300000/-- |
| 11 | മിനി ബെന്നി<br>കുന്നേൽ<br>അടുക്കം<br>വാർഡ്-7 | എസ്.റ്റി | 17.10.23 | ലിന്റൽ വരെ | 300000/-- |
| 12 | വിജയശ്രീ<br>പുതിയകുന്നേൽ<br>അടുക്കം<br>വാർഡ്-6 | എസ്.റ്റി | 17.10.23 | ലിന്റൽ വരെ | 420000/- |
| 13 | പി.കെ കുര്യൻ<br>പൊട്ടം പ്ലാക്കൽ<br>വെള്ളികുളം | എസ്.റ്റി | 09.01.2025 | തറ നിർമ്മാണം പൂർത്തീകരിച്ചു | 90000/- |

| | | | | | |
|---|---|---|---|---|---|
| | വാർഡ്-8 | | | | |
| 14 | ജോയിസൺ മുണ്ടകപ്പള്ളി ചൊവ്വൂർ വാർഡ്-1 | എസ്.റ്റി | 21.03.2025 | ലിന്റൽ വരെ | 302687/- |
| 15 | മദുസൂദനൻ വേലംകുന്നേൽ അടുക്കം വാർഡ്-5 | എസ്.സി | 05.03.2025 | ലിന്റൽ വരെ | 160000/- |
| 16 | ലാലി രമേഷ് കൊച്ചിടക്കുന്നേൽ അടുക്കം വാർഡ്-4 | എസ്.സി | 21.03.2025 | ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല | 40000/- |

ക്രമ നം.(9),(16) ഗുണഭോക്താക്കൾ ഭവനനിർമ്മാണം തുടങ്ങാത്ത പക്ഷം തുക നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ബാക്കി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് വിവരം രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## 1-31 ലൈഫ് ഭവന പദ്ധതി -ദീർഘകാലമായി ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കിയില്ല.

ലൈഫ് മിഷൻ ഫേസ് 2 ലിസ്റ്റ് പ്രകാരം ഭവന നിർമ്മാണത്തിന് കരാർ വെച്ച് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ദീർഘകാലമായി ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ ഗ്രാമപ്പഞ്ചായത്ത് കമ്മറ്റിയുടെ 29.07.2024 ലെ 10(1) നം.തീരുമാന പ്രകാരം പ്രകാരം അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകുന്നതിന് വി.ഇ.ഒ യെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ.നം. | ഗുണഭോക്താവിന്റെ പേര്/വിലാസം | വിഭാഗം | കരാർ വെച്ച തീയ്യതി | നിലവിലെ സ്ഥ | കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | പി.വി പാത്തുമ്മ പുളിയ്ക്കൽ മേസ്തിരിപ്പടി തീക്കോയി വാർഡ്-9 | ജനറൽ | 26.06.2023 | ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല | 40000/- |
| 2 | സെബാസ്റ്റ്യൻ സാമുവേൽ പൊട്ടൻപ്ലാക്കൽ അട്ടിക്കുളം- | ജനറൽ | 25.02.2021 | ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല | 200000/- |

ഗുണഭോക്താക്കൾ ദീർഘകാലമായി ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ ഇത് സംബന്ധിച്ച്

എടുത്ത തുടർ നടപടി വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.02/07.11.2025) ലഭ്യമാക്കിയ മറുപടിയിൽ ഭവനനിർമ്മാണം തുടങ്ങാത്ത പക്ഷം തുക തിരികെ അടവാക്കാൻ ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കി. ടി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ അടവാക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിയ്ക്കേണ്ടതാണ്.

## 1-32 ജലജീവൻ മിഷൻ പദ്ധതി -അവലോകനം

**100%** ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണ് ജൽജീവൻ മിഷൻ പദ്ധതി. പദ്ധതിയുടെ ഭാഗമായി കേന്ദ്ര-സംസ്ഥാനസർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനപങ്കാളിത്തത്തോടെ എല്ലാ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കുക എന്ന ബൃഹത്തായ പദ്ധതിയ്ക്ക് തുടക്കം കുറിക്കുകയുണ്ടായി. ലക്ഷ്യബോധത്തോടെ പ്രവർത്തിച്ചാൽ ജലക്ഷാമത്തെ അതിജീവിക്കാൻ പ്രാപ്തമാക്കുന്നതായിരുന്നു ടി പദ്ധതി.

തലനാട് ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ മെയിൻ ടാങ്കുകൾ സ്ഥാപിക്കുന്നതിന് **2024-25** വർഷം വരെ പദ്ധതികൾ നടപ്പാക്കിയിട്ടില്ല. സ്ഥാപനവിഹിതമോ ഗുണഭോക്തൃവിഹിതമോ കൈമാറുന്നതിന് നാളിതുവരെ ഗ്രാമപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. ജലജീവൻ മിഷനുമായി ബന്ധപ്പെട്ട് മറ്റ് പ്രോജക്ടുകളും തയ്യാറാക്കിയിട്ടില്ല. എം എൽ എ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും നാളിതുവരെ തലനാട് ഗ്രാമപഞ്ചായത്തിന് ജലജീവൻ മിഷൻ പദ്ധതിക്കായി തുക അനുവദിച്ചിട്ടില്ല.
സുസ്ഥിരമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്ന പദ്ധതി ലക്ഷ്യം ഗ്രാമപഞ്ചായത്ത് തലത്തിൽ സാദ്ധ്യമാക്കുന്നതിനായി ഭരണസമിതിയുടെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ജലജീവൻ മിഷൻ പദ്ധതി പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കേണ്ടതിന് എല്ലാ ശ്രമങ്ങളും ഉണ്ടാവേണ്ടതാണ്.

## 1-33 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. **2021-2022** മുതൽ **2025-2026** വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ **70,051** കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം **2968.28** കോടി രൂപയാണ്. ആരോഗ്യമേഖലാ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ, കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നിനും, പൊതുജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിനുമുള്ള ആരോഗ്യമേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് പ്രയോജനപ്പെടുത്തുന്നു. ഹെൽത്ത് ഗ്രാന്റ് അനുവദിച്ചതിലൂടെ തദ്ദേശ സ്ഥാപനങ്ങളിലെ പൊതുജനാരോഗ്യ മേഖലയിൽ ജനോപകാരപ്രദമായ രീതിയിൽ കൂടുതൽ ഫലപ്രദമായി അടിസ്ഥാന സൗകര്യ വികസനം സാധ്യമാകുന്നുവെന്നത് യാഥാർഥ്യമാണ്.

ഹെൽത്ത് ഗ്രാന്റ് വിനിയോഗം - സർക്കാർ ഉത്തരവുകളും സർക്കുലറുകളും

| ക്രമ നം. | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1) | **G.O(Rt) No. 2132/2022/LSGD Dated 31.08.2022** |
| 2) | **G.O(Rt) No. 2156/2022/LSGD Dated 01.09.2022** |
| | |

| | |
|---|---|
| 3) | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 4) | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5) | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6) | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

ഹെൽത്ത് ഗ്രാന്റ് വിനിയോഗം - വിവിധ സ്കീമുകൾ

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുക.

2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിന്, അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും, ചുമതലപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ച ശേഷം ഭരണസമിതി പരിഗണിച്ച്, പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

ആരോഗ്യ മേഖല - ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള ഏകോപനവും സാഹചര്യവും

തലനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ, എഫ്. എച്ച്. സി മെയിൻ സെന്ററും അതിന്റെ ഭാഗമായി, അടുക്കം, തലനാട് എന്നീ സബ് സെന്ററുകളും, ഗവൺമന്റ് ആയുർവേദ ഡിസ്പൻസറിയും, ഗവൺമന്റ് ഹോമിയോപ്പതി ഡിസ്പൻസറിയും ഉൾപ്പെടെ '05' ആരോഗ്യ സ്ഥാപനങ്ങളാണുള്ളത്. അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി, തദ്ദേശ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഫണ്ട് ചെലവഴിക്കുന്നുണ്ട്.

ഹെൽത്ത് ഗ്രാന്റ് വിനിയോഗ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | മുന്നിരിപ്പ് (രൂപ.) | ലഭ്യമായ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ബാക്കി തുക (രൂപ) |
|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് (Scheme-I) - കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുക | | | | |
| 2021-2022 | 0 | 0 | 0 | 0 |
| 2022-2023 | 0 | 0 | 0 | 0 |
| 2023-2024 | 0 | 2800245 | 0 | 2800245 |
| 2024-2025 | 2800245 | 53558 (പലിശ) | 2775000 | 78803 |
| ഹെൽത്ത് ഗ്രാന്റ് (Scheme-III) - രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക | | | | |

| | | | | |
|---|---|---|---|---|
| 2021-2022 | 0 | 0 | 0 | 0 |
| 2022-2023 | 0 | 0 | 0 | 0 |
| 2023-2024 | 0 | 780823 | 148906 | 631917 |
| 2024-2025 | 631917 | 243283 | 624108 | 251092 |
| ഹെൽത്ത് ഗ്രാന്റ് (Scheme-IV) - ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ | | | | |
| 2021-2022 | 0 | 0 | 0 | 0 |
| 2022-2023 | 0 | 0 | 0 | 0 |
| 2023-2024 | 0 | 440851 | 219174 | 221677 |
| 2024-2025 | 221677 | 404068 | 188000 | 437745 |

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ – തീക്കോയി ശാഖയിൽ നിലനിർത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് ഹെൽത്ത് ഗ്രാന്റിന്റെ വിനിമയം നടത്തുന്നത്.

| ഹെൽത്ത് ഗ്രാന്റ് ഇനം | ബാങ്ക് അക്കൗണ്ട് നം. |
|---|---|
| സ്കീം I - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കൽ | 40904755561 |
| സ്കീം III - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 40904756224 |
| സ്കീം IV - ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 40904757002 |

ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തിക്കൊണ്ട് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാകുന്ന വിവിധ പദ്ധതികൾ

സ്കീം I പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തിക്കൊണ്ട്, ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, 'കുടുംബാരോഗ്യ കേന്ദ്രത്തിൽ ഫാമിലി വെൽഫയർ സെന്റർ നിർമ്മാണം' എന്ന പദ്ധതി (നം. S0183/ 2025) ഏറ്റെടുത്ത്, കെട്ടിട നിർമ്മാണവും അനുബന്ധ പ്രവൃത്തികളും പൂർത്തീകരിച്ച് 05/11/2025 -ൽ കെട്ടിടം ഉദ്ഘാടനം ചെയ്തിട്ടുണ്ട്. എന്നാൽ, കെട്ടിടത്തിന്റെ ഇലക്ട്രിക് വർക്കുകൾ പൂർത്തീകരിക്കാതെ തുടരുന്ന സാഹചര്യമാണ് നിലവിലുള്ളത്.

സ്കീം 3- ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4- ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് അതത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾ മെഡിക്കൽ ഓഫീസറാണ് നിർവ്വഹണം നടത്തുന്നത്.

സ്കീം 3 പ്രകാരം വിവിധ ഉപകരണങ്ങൾ (ഹെമറ്റോളജി അനലൈസർ, വിവിധ സബ് സെന്ററുകളിലേക്ക് ഡെസ്ക്ടോപ്പുകൾ, തുടങ്ങിയവ), റീ ഏജന്റുകൾ എന്നിവ സ്ഥാപനത്തിലേക്ക് വാങ്ങിയിട്ടുണ്ട്. ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം 3 പ്രകാരം പരിശീലനം പ്രസ്തുത ഗ്രാന്റ് വിനിയോഗിച്ച് നൽകിയിട്ടുണ്ടെന്നും, സ്കീം 4 നിർദ്ദേശിക്കും പ്രകാരം

ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ പ്രത്യേകമായി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിണ്ടെന്നും, **JPHN/ JHI** എന്നിവരുടെ സേവനം കൂടാതെ സ്റ്റാഫ് നേഴ്സിന്റെ സേവനം ലഭ്യമാകുന്നുണ്ടെന്നും, പ്രസ്തുത ഓഡിറ്റ് റിക്വിസിഷനുള്ള മറുപടിയിൽ പരാമർശിച്ചിരിക്കുന്നു.

തലനാട് ഗ്രാമ പഞ്ചായത്തിലെ പൊതുജനാരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ട്. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്. ആരോഗ്യ മേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ, പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിൽ ക്രിയാത്മകമായ കൂടുതൽ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ഭരണ സമിതി തലത്തിലാണ് പ്രോജക്ടുകൾക്ക് രൂപം നൽകുന്നത് സംബന്ധിച്ച ചർച്ചകൾ നടക്കാറുള്ളത്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും, ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം, രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവ് എന്നിവ ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗം, ഭരണസമിതിയും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - ടെൻഡർ നടപടികളിലെ അപാകതകൾ- അധികം തുക കരാറുകാരന് നൽകി

| | |
|---|---|
| പ്രോജക്ട്.നം | **84/25** (സട്രീറ്റ് ലൈറ്റ് മെയിന്റനൻസ്) |
| അടങ്കൽ | **2,56,000/-** (സിഎഫ് സി ഗ്രാന്റ് ) |
| ചെലവ് | **2,56,700/-** (ബിൽ നം **361/22.03.2025**) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രോജക്റ്റിന് ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. വിനോദ് ടി കെ എന്നയാൾ **12W** ലൈറ്റിന്റെ മെയിന്റനൻസിന് ക്വാട്ട് ചെയ്ത നിരക്കുകൾ ചുവടെ ചേർക്കുന്നു.

**12W**(ഹോൾഡർ, ഷേഡ് ഉൾപ്പടെ) - **480**/-രൂപ

**12W( Box Type) -540**/-രൂപ

എന്നാൽ കരാറുകാരന്റെ ടെൻഡർ അംഗീകരിച്ച് നൽകിയ **17-1-25**ലെ കത്ത് പ്രകാരം **12W** (ഹോൾഡർ ഷേഡ് ഉൾപ്പെടെ) ലൈറ്റിന് **540**/- രൂപ നിരക്കിൽ അംഗീകരിച്ചതായി അറിയിക്കുകയും കരാറുകാരൻ

24-1-25ൽ കരാർ വയ്ക്കുകയും ചെയ്തിരുന്നു. കുറഞ്ഞ നിരക്ക് കരാറുകാരൻ ക്വാട്ട് ചെയ്തിട്ടും കൂടിയ നിരക്ക് അംഗീകരിച്ച നടപടി അംഗീകരിക്കാവുന്നതല്ല.

കരാറുകാരൻ സമർപ്പിച്ച ബില്ലുകൾ പ്രകാരം476 എണ്ണം 12W LED ലൈറ്റുകൾ ഹോൾഡർ, ഷേഡ് എന്നിവ ഉൾപ്പടെ മാറ്റി സ്ഥാപിച്ചതിന് 2,57,040/- രൂപയുടെ ഇൻവോയിസ് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2,56,700/- ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിച്ചിരുന്നു.

1.കരാറുകാരന് അധികം നൽകി

കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് പ്രകാരം നൽകാവുന്ന തുക = 476x480= 2,28,480/-

കരാറുകാരന് നൽകിയ തുക = 2,56,700/-

അധികം നൽകിയ തുക = 28220/-

(കരാറുകാരനിൽ നിന്നും ബിൽ തുകയിൽ നിന്നും ഈടാക്കിയ റിട്ടെൻഷൻ തുകയായ 25670 തിരികെ നൽകിയിരുന്നില്ല. )

2.ജിഎസ്ടി ,ആദായനികുതി എന്നിവ ടിഡിഎസ് ആയി ഈടാക്കിയില്ല

കരാറുകാരന് നൽകിയ ബിൽ തുകയിൽ നിന്നും GST(2%), IT(1%) വിഹിതങ്ങൾ കുറവ് ചെയതിരുന്നില്ലായെന്ന് കാണുന്നു.

ഈടാക്കേണ്ടയിരുന്ന GST(2%)= 2,56,700/-X 2%= 5134

ഈടാക്കേണ്ടയിരുന്ന IT(1%)= 2,56,700/-X 1%= 2567

ആകെ = 7701

3.കരാർ നിബന്ധന പാലിച്ചില്ല .

24-1-25 ലെ കരാർ പ്രകാരം 24-1-25മുതൽ 1വർഷത്തേയ്ക്കുള്ള റിപ്പയറിങ്ങ് വർക്കുകൾ നടത്താൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. കരാർ കാലയളവിനുള്ളിൽ 3മാസത്തെ ഇടവേളകളിൽ 4 തവണ സർവീസ് നടത്തേണ്ടതാണെന്ന് ടെൻഡർ നോട്ടിസിന്റെ നിബന്ധനയിലുമുണ്ടായിരുന്നു. എന്നാൽ കരാറുകാരൻ കരാർ കാലയളവിനുള്ളിൽ എത്ര സർവ്വീസ് നടത്തിയെന്നതിന് രേഖകളില്ല.

4.ഉപയോഗിച്ച ലൈറ്റുകളുടെ വാറന്റി സംബന്ധിച്ച് നിരീക്ഷണം നടത്താൻ സംവിധാനമില്ല.

പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി 476 ലൈറ്റുകൾ സ്ഥാപിച്ചതിന്റെ തുകയാണ് കരാറുകാരന് നൽകിയിരുന്നത്. എന്നാൽ പ്രോജക്ട് നം. 194/25 പുതിയ തെരുവുവിളക്ക് സ്ഥാപിക്കൽ പ്രകാരം 150 എണ്ണം 12W ലൈറ്റുകൾ വീണ്ടും സ്ഥാപിച്ചതായി കാണുന്നു. വിവിധ പ്രോജക്റ്റുകളിലായി പ്രവൃത്തി നടപ്പാക്കിയപ്പോൾ വാറന്റി കാലയളവിലുള്ള ലൈറ്റുകൾ തന്നെ മാറ്റി സ്ഥാപിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടില്ല. വാറന്റി കാലയളവ് നിരീക്ഷിക്കാൻ സ്വീകരിച്ച സംവിധാനം വിശദീകരിച്ചിരുന്നില്ല.

മേൽപറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 1/7-11-25) മറുപടിയായി കരാറുകാരന് അധികം നൽകിയ തുകയും നികുതികളും അടവാക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയതായി അറിയിക്കുകയും ടിയാന്റെ മുൻവർഷ വർക്കിന്റേത് ഉൾപ്പടെ നിലനിൽക്കുന്ന റിടെൻഷൻ തുകകളിൽ നിന്നും ഈടാക്കുന്നതാണ് എന്നറിയിക്കുകയും ചെയ്തിട്ടുണ്ട്. അധികം നൽകിയ തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-2 റോഡ് മെയിന്റനൻസ് വർക്ക് - ബാരൽ വില കുറവ് ചെയ്തില്ല

ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, മുസ്ലിം പള്ളി - വെള്ളാപ്പള്ളി - മറയാട്ടിക്കൽ റോഡിന്റെ മെയിന്റനൻസ് വർക്ക് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./ പേര് | S0100/ 2025 |

| | |
|---|---|
| | വാർഡ് II : മുസ്ലിം പള്ളി - വെള്ളാപ്പള്ളി - മറയാട്ടിക്കൽ റോഡ് മെയിന്റനൻസ് |
| അടങ്കൽ തുക | **5,00,000/-**<br>വികസന ഫണ്ട് (ജനറൽ) + മെയിന്റനൻസ് ഫണ്ട് (റോഡ്) |
| സാങ്കേതിക അനുമതി | **LSGD/CELSGD/EST/TS/3960/2023/ 22.02.2023** |
| പുതുക്കിയ എസ്റ്റിമേറ്റിനുള്ള ഭരണ അനുമതി | **3 (1)/ 09.01.2024** |
| കരാറുകാരൻ | ശ്രീ. സുനിൽ. പി. എസ് |
| അളവ് പുസ്തകം | **M Book No. 3960/2023** |
| കരാർ നം. / തീയതി | **48/AE/TLND/22-23/ 24.03.2023** |
| ചെലവ് തുക | **5,00,000/-** |
| ബിൽ വിവരങ്ങൾ | **BRN: 24090252079100199505/16.05.2024 (61,190/-)**<br>**BRN: 24090252079100620272/04.09.2024 (4,38,810/-)** |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

**2023-24** സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി നിലനിന്നിരുന്ന മുസ്ലിംപള്ളി - വെള്ളാപ്പള്ളി - മറയാട്ടിക്കൽ റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിൽ **20 Mm** ചിപ്പിംഗ് കാർപെറ്റ്, സീൽ കോട്ട് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ, എസ്റ്റിമേറ്റ് എടുത്തതിനേക്കാൾ കൂടുതലായി, റോഡ്കുത്തിയൊലിച്ചു പോയതിനാൽ **WMM** -ന്റെ കനത്തിൽ വ്യതിയാനം വരുത്തി **MSS** രീതിയിൽ ടാറിംഗ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ, റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ **3 (1)/ 09.01.2024** നം. തീരുമാനപ്രകാരം അനുമതി നൽകിയിട്ടുണ്ട്. റോഡ് മെയിന്റനൻസ് പ്രവൃത്തിക്കായുള്ള ബിറ്റുമിന്റെയും എമൽഷന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിറ്റുമിൻ | കി. ഗ്രാം/ ബാരൽ | പ്രവൃത്തിക്കായുള്ള ബിറ്റുമിൻ ഉപഭോഗം (Kg) | ബാരൽ (എണ്ണം) |
|---|---|---|---|---|
| **1)** | **SS1 EMULSION** | **182** | **711.45** | **04** |
| **2)** | **RS1 EMULSION** | **182** | **230.17** | **01** |
| **3)** | **VG 30** | **156** | **1841.40** | **12** |
| | ആകെ | | | **17** |

**'17'** കാലി വീപ്പയുടെ വിലയായ **4,777/-** രൂപ **(@ 281/-** രൂപ പ്രകാരം) ഫൈനൽ ബില്ലിൽ കുറവ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. ടി ബാരൽ വില കുറവ് ചെയ്തിട്ടുണ്ടെങ്കിൽ, ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(നം. 15/11.11.2025)**, മറുപടി ലഭ്യമാക്കിയില്ല. **'17'** കാലിവീപ്പയുടെ വിലയായ **4,777/-** രൂപ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ള

കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കുവാൻ സാധിക്കാത്ത പക്ഷം, ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

സർക്കുലർ നം. 59827/എഫ്. എം/07 തസ്വഭവ/30.10.2007 പ്രകാരം, കരാറുകാരനിൽ നിന്നും ഈടാക്കുന്ന ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത്/ചെലവഴിച്ചത് അതത് ഫണ്ടിൽ, ജി. ഒ (പി) നം. 177/06/ഫിൻ തീയതി 12.04.2006 ഉത്തരവ് ഖണ്ഡിക 3-10 പാലിച്ച് തിരികെ അടവാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് - പ്രീമിയം ഒടുക്ക് വിവരങ്ങൾ

**1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| **08** | **44,000/-** | **44,000/-** | **0** | |

***01-04-2024** മുതൽ **31-03-2025** നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

**2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | -- | -- | -- | -- | -- |

**3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഇല്ല | -- | -- | -- | -- |

**4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | -- | -- | -- | -- | -- |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2024-25 | 21/07/2025 | 04/11/2025 |

പഞ്ചായത്ത് ഭരണ സമിതിയുടെ 3(1)/ 16.06.2025 നമ്പർ തീരുമാനം പ്രകാരം, വാർഷിക ധനകാര്യ പത്രികയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് സ്റ്റേറ്റ്മെൻറ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് സ്റ്റേറ്റ്മെൻറ്, ബാലൻസ് ഷീറ്റ് സ്റ്റേറ്റ്മെൻറ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാക്കി |
|---|---|---|---|---|
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | **S0015/25** ഞങ്ങളും കൃഷിയിലേക്ക് സ്ഥിരം കൃഷിക്ക് കൂലി ചിലവ് സബ്സിഡി | **70,000/-** | **70,000/-** | **0** |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | **S0042/25** സാന്ത്വന പരിചരണ പദ്ധതി ജനറൽ | **1,50,000/-** | **1,50,000/-** | **0** |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | **S0109/25** ഭിന്നശേഷിക്കാരായ കുട്ടികളുടെ സ്കോളർഷിപ്പ് വിതരണം | **52,500/-** | **52,500/-** | **0** |

| | | | | |
|---|---|---|---|---|
| | (സ്പിൽ ഓവർ) | | | |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | **S0071/25** ഭിന്നശേഷിക്കാരായ കുട്ടികളുടെ സ്കോളർഷിപ്പ് വിതരണം | **2,10,000/-** | **2,10,000/-** | **0** |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | **S0020/25** ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | **35,337/-** | **35,337/-** | **0** |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | **S0169/25** കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം | **5,97,264/-** | **5,97,264/-** | **0** |
| | ആകെ | **11,15,101/-** | **11,15,101/-** | **0** |
| കോട്ടയം ജില്ലാ പഞ്ചായത്ത് | **S0021/25** ലൈഫ് മിഷൻ ജനറൽ | **3,00,000/-** | **3,00,000/-** | **0** |
| കോട്ടയം ജില്ലാ പഞ്ചായത്ത് | **S0071/25** ഭിന്നശേഷിക്കാരായ കുട്ടികളുടെ സ്കോളർഷിപ്പ് വിതരണം | **57,000/-** | **57,000/-** | **0** |
| കോട്ടയം ജില്ലാ പഞ്ചായത്ത് | **S0108/25** ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | **35,344/-** | **35,344/-** | **0** |
| കോട്ടയം ജില്ലാ പഞ്ചായത്ത് | **S0097/25** അനുപൂരക പോഷക പരിപാടി | **1,37,398/-** | **1,37,398/-** | **0** |
| | ആകെ | **5,29,742/-** | **5,29,742/-** | |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്കായി തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-6 വായ്പ / വായ്പ തിരിച്ചടവ്

തൻവർഷം ഗ്രാമ പഞ്ചായത്തിന് ലഭിച്ച വായ്പ തുകയുടെയും, തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/ | വർഷാരം-ഭത്തിൽ | തൻ വർഷം | തൻവർഷം തിരിച്ചടച്ച | തൻ-വർഷം | വർഷാ-വസാനം |
|---|---|---|---|---|---|---|

| ഉദ്ദേശ്യം | തീയതി | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | എടുത്ത വായ്പ തുക | തുക (മുതൽ) | തിരിച്ചടച്ച തുക (പലിശ) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ഹഡ്കോ വായ്പ (KURDFC) ജി.ഒ (എം.എസ്) 68/2018/ തസ്വഭവ/ 18.05.2018 | 48,03,307/- | 33,27,000/- | * 11,98,309/- | 0 | 69,31,998/- |

*G.O. Project – Source Deduction

1) വികസന ഫണ്ട് (ജനറൽ) : 5,37,160/- (പ്രോജക്ട് നം : S0213/25)
2) വികസന ഫണ്ട് (ജനറൽ) : 5,46,503/- (പ്രോജക്ട് നം : S0211/25)
3) വികസന ഫണ്ട് (SCP) : 10,676/- (പ്രോജക്ട് നം : S0212/25)
4) വികസന ഫണ്ട് (SCP) : 20,370/- (പ്രോജക്ട് നം : S0214/25)
5) വികസന ഫണ്ട് (TSP) : 41,745/- (പ്രോജക്ട് നം : S0215/25)
6) വികസന ഫണ്ട് (TSP) : 41,855/- (പ്രോജക്ട് നം : S0216/25)

## 4-7 സ്ഥിര നിക്ഷേപങ്ങൾ

2024-2025 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം, ഗ്രാമ പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക (RP-10) & സ്ഥാപനത്തിൽ പരിപാലിക്കുന്ന ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ പ്രകാരം തൻ വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-3 | 2010-11 | 2-14 | ഡിപ്പോസിറ്റ് വർക്ക് – പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം | നിയമസഭാ സമിതിയുടെ (2014-16) റിപ്പോർട്ട് നമ്പർ 52, ഖ.79 പ്രകാരം തുടർനടപടി ശുപാർശ |

| | | | | | |
|---|---|---|---|---|---|
| **2015-16** | **2-2** | **2016-17** | അനുബന്ധം-5 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണന യിലാണ് |

## 4-10 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് ഉൾപ്പെടെയുള്ള ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | **38,056,976/-** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | **291,581,82/-** |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : | **68,917,269/-** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : | **58,565,720/-** |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | **32997/-** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | **365114/-** |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| **3-1(1) (1-19)** | | **28220** | ശ്രീ.സെബാസ്റ്റ്യൻ പി വർക്കി, സെക്രട്ടറി |
| **3-2 (1-23)** | | **4777** | ശ്രീമതി.മീഡിയാറാണി.എസ്, അസി.എഞ്ചിനീയർ |
| ആകെ | | **32997** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| **1-22** | **4584** | ശ്രീമതി.മീഡിയാറാണി.എസ്, അസി.എഞ്ചിനീയർ |
| **1-25** | **2,10,000** | ശ്രീമതി. മീഡിയാറാണി.എസ്, അസി.എഞ്ചിനീയർ |
| **1-26** | **85,000** | ശ്രീമതി. ആര്യ.എൽ.എ, ഐസിഡിഎസ് സൂപ്പർവൈസർ |

| | | |
|---|---|---|
| 1-27 | 57000 | ശ്രീമതി. ആര്യ.എൽ.എ, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-28 | 8530 | ശ്രീമതി. ആര്യ.എൽ.എ, ഐസിഡിഎസ് സൂപ്പർവൈസർ |
| ആകെ | 365114 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19(2) | 7701 | ശ്രീ.സെബാസ്റ്റ്യൻ പി വർക്കി, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. മീഡിയാറാണി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ LID&EW, തലനാട് | മടത്താട്ട് പെരുവ പി.ഒ കോട്ടയം |
| ശ്രീ.സെബാസ്റ്റ്യൻ പി വർക്കി, സെക്രട്ടറി | സെക്രട്ടറി, തലനാട് ഗ്രാമപഞ്ചായത്ത് | പാലത്തിൽ കിഴക്കുന്ന് കോട്ടയം |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/754 (5)/2022 04.08.2022 | 1 |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി2- 232/16/1.4.2016 | 2 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി2- 1300/11/26.3.12 | 4 |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി.14-/2254/2022, 31.03.2023 | 2 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(3)/03.02.2018 | 1 |

| | | |
|---|---|---|
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(4)/03.02.2018 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/1155(5)/04.08.2022 | 3 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/1155(6)/04.08.2022 | 4 |
| 09-10, 10-11,11-12 | കെ.എസ്.എ-കെ.ടി.എം.പി.14/20/2024, 20.02.2024 | 2 |
| 2012-13, 2013-14 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/1155(8)/04.08.2022 | 6 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/754(1)/22/26.08.2022 | 5 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/754(2)/26.08.2022 | 11 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.14/ 1977/2022, 31.03.2023 | 9 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/754(4)/26.08.2022 | 14 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി.14/975/2022/06.03.2023 | 5 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി.14/1493/2021/26.07.2022 | 14 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി- 14/ 199/23 /27.07.2023 | 15 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി- 14/ 1417/2023 /04.03.2024 | 29 |
| 2023-24 | കെ.എസ്.എ-കെ.ടി.എം.പി- 14/ 1626/2024/ 18.10.2024 | 29 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം – കോട്ടയം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 16-06-2025 and submitted on 21-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Thalanadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Thalanadu Grama Panchayat as on 31-03-2025

Date: 12/01/2026

Deputy Director
District Office Kottayam
Kerala State Audit Department

**Audit Report appended to the Audit Certificate of Thalanadu Grama Panchayat for the Year 2024-2025 .**

**1.Major Observations**

1) Basic records are not available to verify the accuracy of General Fund and Capital Contribution of the Panchayat as on 31/03/2025.

2) Asset Register has not been updated.

3) Capital asset amount are not accurate.

**2.Other Observations**

1) As per Section 58 (4) (a) of the Kerala Panchayat Raj (Accounts) Rules, physical verification and reconciliation of stock shall be carried out at the end of every year. The stock valuation of the Grama Panchayat at the end of the year 2024-25, has not been included in the Annual Financial Statement (B-14) - . As per the balance sheet, the stock value of the Panchayat is NIL.

2) Kerala Panchayat Raj (Accounts Rules), Rule 17(2) has specified that, the monthly demand for each item of income to be accrued by the Gram Panchayat, shall be recorded through journal entry. On examining the ledgers of various income heads, demand entries were recorded only twice in the financial year.

3) Schedules B-5/ Secured Loans and B-16/ Prepaid Expenses in the Annual Financial Statement has not reconciled with each other.

4) CFC (Tied & Untied) - (B-4) & (B-17) schedules has not reconciled with each other.

5) The amounts accounted in the balance sheet B-18/Loans, Advances and Deposits schedule, has not been adjusted. It may be adjusted accordingly.

6) The accuracy of the provision made, cannot be ascertained.

7) Details of income and expenses adjusted for the prior period, are not provided with the financial statement, as notes on account.

8) The Government/Other Dues Register, has not maintained.

9) Finance Commission (Tide) Grant - The allotment amount of Rs. 16,249/- sanctioned in the Treasury, was not accounted for. There is a difference of Rs. 16,249/- in the Finance Commission (Tide) grant allotment amount, as per the Sankhya A.C.R.
10) The retention amount of Rs. 63,136/- for Project No. S0183/2025 implimented by the Assistant Engineer was not accounted. Hence the value accounted in respective head of the annual financial statement, does not match with the Sulekha expenditure statement and there is a corresponding difference in the amount in the balance sheet.

Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്